യൂണിറ്റ്
# 10

# നാടോടിവിജ്ഞാനനരവംശശാസ്ത്രം

ഉള്ളടക്കം


I. നാടോടിവിജ്ഞാനം : അർഥം, നിർവചനം, വ്യാപ്തി
- നാടോടിവിജ്ഞാനവും നരവംശശാസ്ത്രവും
- നാടോടി, വിജ്ഞാനം എന്നീ ആശയങ്ങൾ
- നാടോടിവിജ്ഞാനീയപഠനം

II. നാടോടിസാഹിത്യം
- നാടൻപാട്ടുകൾ
- നാടോടിക്കഥകൾ
- ഐതിഹ്യങ്ങൾ
- പുരാവൃത്തങ്ങൾ
- പഴഞ്ചൊല്ലുകൾ
- കടങ്കഥകൾ
- സംഭവകഥകൾ
- വീരഗാഥകൾ

III. നാടോടിവിശ്വാസങ്ങളും ആചാരങ്ങളും

IV. നാടൻകളികൾ-ദൈനംദിന കളികളും പ്രത്യേകാവസര ങ്ങളിലുള്ള കളികളും

V. നാടൻകലകൾ- അവതരണകലയും അവതരണേതരകലയും

VI. നാടോടിശാസ്ത്രവും സാങ്കേതികവിദ്യയും

VII. പ്രായോഗികനാടോടിവിജ്ഞാനം
- നാടോടിവിജ്ഞാനം രേഖപ്പെടുത്തലും പുരാരേഖാസംരക്ഷണകേന്ദ്രവും
- ബഹുജനമാധ്യമങ്ങളും നാടോടിവിജ്ഞാനവും
- നാടോടിവിജ്ഞാനവും വിനോദസഞ്ചാരവും

VIII. നാടോടിവിജ്ഞാനത്തിലെ ലിംഗഭേദം


## ആമുഖം

*പറയിപെറ്റ പന്തിരുകുല ഐതിഹ്യത്തിലെ പറയസ്ത്രീയിൽ ബ്രാഹ്മണന് പിറന്ന പന്ത്രണ്ടു മക്കളിൽ ഏറ്റവും പ്രശസ്തനും അസാമാന്യ കഴിവുകളുള്ളവനുമത്രേ നാറാണത്തു ഭ്രാന്തൻ. അക്കാലത്തെ സാമൂഹിക തിന്മകൾക്കും അന്ധമായ വിശ്വാസങ്ങൾക്കു മെതിരായി പ്രവർത്തിച്ച ഒരു സാമൂഹിക വിപ്ലവകാരികൂടിയായിരുന്നു അദ്ദേഹം. ആ വിപ്ലവാത്മക കാഴ്ചപ്പാടിനെ അംഗീകരിക്കാൻ കഴിയാത്തവർ അദ്ദേഹത്തെ ഭ്രാന്തനെന്നു*



ചിത്രം.10.1-നാറാണത്തുഭ്രാന്തൻ: ചിത്രകാരന്റെ ഭാവനയിൽ

*വിളിച്ചു. നിരവധി രസകരമായ കെട്ടുകഥകൾ നാറാണത്തുഭ്രാന്തനുമായി ബന്ധപ്പെട്ടു പ്രചരിച്ചിരുന്നു. വലിയ ഉരുളൻകല്ലുകൾ മലമുകളിലേക്ക് ഉരുട്ടിക്കയറ്റുകയും അവ താഴേക്കു തള്ളിവിടുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വിനോദം.*

ഈ കഥ നൽകുന്ന സന്ദേശം എന്താണ്?

നേട്ടങ്ങൾ ആർജിക്കാൻ പ്രയാസവും എന്നാൽ നഷ്ടപ്പെടാൻ വളരെ എളുപ്പവുമാണ് എന്ന സന്ദേശം ജനങ്ങളെ പഠിപ്പിക്കാനായിരുന്നുവോ?

ഇതുപോലുള്ള കഥകൾക്ക് ജനങ്ങളുടെ സാംസ്കാരികജീവിതത്തിൽ എന്തെങ്കിലും സ്വാധീനമുണ്ടോ?

ഓരോ സമൂഹത്തിലും സമാനമായ നിരവധി കഥകൾ, പാട്ടുകൾ, പഴഞ്ചൊല്ലുകൾ, വാമൊഴി ശൈലികൾ, വിശ്വാസങ്ങൾ തുടങ്ങിയവ കാണാൻ സാധിക്കും. ഇവയാണ് ജനങ്ങളുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ സ്വാധീനിച്ച നമ്മുടെ സാംസ്കാരികശേഷിപ്പുകൾ. എല്ലാ സംസ്കാരങ്ങളിലും സമാനമായ കഥകളും പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും കാണപ്പെടുന്നു. വാസ്തവത്തിൽ ഈ പാരമ്പര്യമാണ് ഓരോ സംസ്കാരത്തെയും വ്യത്യസ്തമാക്കുന്നത്. ഇവ വാമൊഴിയായി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ഈ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഇവ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. വാമൊഴിയായി കൈമാറി വരുന്ന ഇത്തരം അറിവുകളും വിശ്വാസങ്ങളുമാണ് നാടോടിവിജ്ഞാനം (Folklore) എന്ന് അറിയപ്പെടുന്നത്.

വ്യത്യസ്ത സന്ദർഭങ്ങളിൽ ഫോക്‌ലോർ എന്ന വാക്കിനെ കുറിച്ച് നാം കേട്ടിരിക്കും. ഫോക്‌ലോർ എന്ന പദം കേൾക്കുമ്പോൾ നമ്മുടെ മനസ്സിലെത്തുന്നത് തെയ്യം, തിറ, നാടൻപാട്ടുകൾ, നാടൻകലാരൂപങ്ങൾ തുടങ്ങിയ അവതരണകലകളാണ്. എന്നാൽ, ഈ ചിന്താഗതിയെക്കാൾ, വിശാലമായ അർഥത്തിലാണ് നാടോടിവിജ്ഞാനനരവംശശാസ്ത്രം ഇവ കാണുന്നത്. ആദ്യകാലങ്ങളിൽ നാടോടിവിജ്ഞാനത്തെ നരവംശശാസ്ത്ര അന്വേഷണങ്ങളുടെ ഭാഗമായി പരിഗണിച്ചിരുന്നു. നരവംശശാസ്ത്രജ്ഞർ വംശീയപഠനങ്ങളുടെ ഭാഗമായി തദ്ദേശ നാടോടി സംസ്കാരങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും ശേഖരിച്ചിരുന്നു. അങ്ങനെ നാടൻകലകളെക്കുറിച്ചുള്ള പഠനം നരവംശശാസ്ത്രവിശകലനത്തിന്റെ അവിഭാജ്യഘടകമായി മാറി. പിന്നീട് അവ നരവംശശാസ്ത്രത്തിന്റെ രീതിശാസ്ത്രങ്ങൾകൂടി ഉപയോഗപ്പെടുത്തി സ്വതന്ത്രമായി വികസിച്ചു. നാടോടിവിജ്ഞാനം ഒരു സ്വതന്ത്രപഠനവിഷയമായി ഉയർന്നെങ്കിലും, ഇപ്പോഴും അത് നരവംശശാസ്ത്രത്തിന്റെ അവിഭാജ്യഘടകമായി നിലകൊള്ളുന്നു. ഫോക്‌ലോറിന്റെ പരിമിതികൾ ആദ്യകാലാശയങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. തുടക്കത്തിൽ നാടോടിവിജ്ഞാന പണ്ഡിതരുടെ പഠനങ്ങളിൽ വാമൊഴിപാരമ്പര്യത്തെ മാത്രമേ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ, ഇപ്പോൾ പാരമ്പര്യത്തിന്റെ മറ്റു വശങ്ങളുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ പശ്ചാത്തലത്തിൽ ഭൂരിഭാഗം നാടോടിപാരമ്പര്യങ്ങളും നാടൻകലകളും രേഖപ്പെടുത്തിയവയാണ്. സമകാലീന നാടോടിവിജ്ഞാനനരവംശശാസ്ത്രത്തിൽ വാമൊഴിയാൽ കൈമാറിവന്ന സാഹിത്യം മാത്രമല്ല, മറ്റു പാരമ്പര്യങ്ങളുംകൂടി ഉൾക്കൊള്ളിച്ചതായി കാണാൻ സാധിക്കും.

നാടോടിവിജ്ഞാനം (Folklore) എന്ന പദം യഥാർഥത്തിൽ എന്താണ് അർഥമാക്കുന്നത്? നാടോടിവിജ്ഞാനത്തിന്റെ ചില നിർവചനങ്ങൾ ഈ ആശയത്തെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കാൻ സഹായിക്കും.

## I. നാടോടിവിജ്ഞാനം : അർഥം, നിർവചനം, വ്യാപ്തി

## (Meaning, Definition and Scope of Folklore)

'ഫോക്', 'ലോർ' എന്നീ രണ്ടുവാക്കുകളിൽ നിന്നാണ് 'ഫോക്‌ലോർ' എന്ന പദമുണ്ടായത്. 'ഫോക്' എന്ന വാക്ക് അർഥമാക്കുന്നത് തദ്ദേശീയം, പരമ്പരാഗതമായത്, കൃഷിയുമായി ബന്ധപ്പെട്ടത് എന്നെല്ലാമാണ്. 'ലോർ' എന്ന വാക്കിന്റെ അർഥം അറിവ് എന്നാകുന്നു. 1846-ൽ വില്യം ജെ. തോംസ് ആണ് ആദ്യമായി ഫോക്‌ലോർ എന്ന പദം ഉപയോഗിച്ചത്. അതുവരെ 'പോപ്പുലർ ആന്റി ക്യൂറ്റീസ്' (നാട്ടുപഴമ) അല്ലെങ്കിൽ 'പോപുലർ ലിറ്ററേച്ചർ (നാടോടിസാഹിത്യം) എന്ന പേരിലാണ് ഫോക്‌ലോർ അറിയപ്പെട്ടിരുന്നത്. ഡബ്ല്യു.ജെ. തോംസിന്റെ അഭിപ്രായത്തിൽ അന്യംനിന്നു പോകുന്ന ആദ്യകാലസംസ്കാരത്തിന്റെ ഭാഗമായ ആഘോഷങ്ങൾ, പെരുമാറ്റങ്ങൾ, നാടോടിവിശ്വാസങ്ങൾ, വീരഗാഥകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവ ഫോക്‌ലോറിന്റെ ഭാഗമാകുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി നാടോടിവിജ്ഞാനം എന്ന ആശയം നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്.

തലമുറകളായി കൈമാറുന്ന വിശ്വാസങ്ങൾ, ആചാരങ്ങൾ, നൃത്യങ്ങൾ, മറ്റു കലാരൂപങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുന്നു. ആധുനികസമൂഹത്തിന്റെ വളർച്ചയിലൂടെ ഇത്തരം ഘടകങ്ങൾ അപ്രത്യക്ഷമാവാൻ തുടങ്ങി. ഓരോ സമൂഹത്തിന്റെ നാടോടിവിജ്ഞാനത്തിലും നാടോടിസാഹിത്യങ്ങൾ, നാടോടിവിശ്വാസങ്ങൾ, ആചാരങ്ങൾ, നാടൻ കളികൾ, നാടൻകലാരൂപങ്ങൾ, നാടോടിശാസ്ത്രം, നാടോടിസാങ്കേതികവിദ്യ തുടങ്ങിയവ ഉൾപ്പെട്ടിരുന്നു.

### നാടോടിവിജ്ഞാനം : നിർവചനങ്ങൾ (പഴയതും പുതിയതും)

### (Definition of Folklore Old and New)

നരവംശശാസ്ത്രജ്ഞരും നാടോടിവിജ്ഞാനശാസ്ത്രജ്ഞരും ഫോക്‌ലോറിന് പലതരത്തിലുള്ള നിർവചനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യകാല നിർവചനങ്ങൾ നമുക്കു പരിശോധിക്കാം.

കൂട്ടായ്മയുടെ പൊതുസ്വഭാവം പ്രകടിപ്പിക്കുകയും സംസ്കാരം, ആചാരങ്ങൾ, കല, കൈത്തൊഴിൽ, പുരാവൃത്തം, പാരമ്പര്യം, അന്ധവിശ്വാസം തുടങ്ങിയവ തലമുറകളിൽനിന്നു തലമുറകളിലേക്കു പകരുകയും ചെയ്യുന്ന ജനസമൂഹത്തിന്റെ ഗണനീയമായ ഒരു വിഭാഗത്തെയാണ് നാടോടിവിജ്ഞാനം (Folklore) എന്നതുകൊണ്ട് അർഥമാക്കുന്നത്. (വെബ്സ്റ്റേർസ് നിഘണ്ടു)

വാമൊഴിരൂപത്തിൽ തലമുറകളായി കൈമാറ്റം ചെയ്തുവരുന്ന പണ്ടത്തെ പെരുമാറ്റരീതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, വീരഗാഥകൾ, പഴഞ്ചൊല്ലുകൾ, തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് നാടോടിവിജ്ഞാനം. (വില്യം ജോൺസ്.)

പഴയകാല സംസ്കാരത്തിന്റെ അതിജീവനമായും നാടോടിവിജ്ഞാനത്തെ കണക്കാക്കുന്നു.

കാലിഫോർണിയ സർവകലാശാലയിലെ നരവംശശാസ്ത്രജ്ഞനായ വില്യം ബാസ്കോമി (William Bascom) ന്റെ അഭിപ്രായത്തിൽ നാടോടിവിജ്ഞാനം വാമൊഴി കലാരൂപങ്ങളെ (Verbal Art) സൂചിപ്പിക്കുന്നു

സംസ്കാരത്തിന്റെ കണ്ണാടിയാണ് നാടോടിവിജ്ഞാനം; അതിലെ ചലനാത്മകമായ ഘടകമല്ല, അടിസ്ഥാനവ്യക്തിത്വത്തിന്റെ പ്രതിഫലനമാണ്; പ്രവർത്തനങ്ങളിലുള്ള വ്യക്തിത്വമല്ല. (Amos-1982)

നാടോടിജനതയുടെ അല്ലെങ്കിൽ ഔപചാരികവിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ജനസമൂഹത്തിന്റെ വാമൊഴിപാരമ്പര്യത്തിനാണ് ആദ്യകാല നാടോടിവിജ്ഞാനനിർവചനങ്ങളെല്ലാം പ്രാധാന്യം നൽകിയിരുന്നത്. ഈ നിർവചനങ്ങളെല്ലാം നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

- നാടൻകലാരൂപങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുമോ?
- നഗരസമൂഹത്തിലെയും ഔപചാരികവിദ്യാഭ്യാസം ലഭിച്ച സമൂഹത്തിലെയും വാമൊഴികൾ നാടോടിവിജ്ഞാനത്തിൽ പെടുമോ?
- രേഖപ്പെടുത്തിയതും അല്ലെങ്കിൽ എഴുതപ്പെട്ടതുമായ വാമൊഴിസംസ്കാരം നാടോടിവിജ്ഞാനത്തിന്റെ ഗണത്തിൽ ഉൾപ്പെടുമോ?
- ആധുനികസമൂഹം രൂപപ്പെടുത്തിയ കഥകൾ, വിശ്വാസങ്ങൾ, സ്വഭാവസവിശേഷതകൾ, മൂല്യങ്ങൾ എന്നിവ നാടോടിവിജ്ഞാനത്തിന്റെ ഗണത്തിൽ ഉൾപ്പെടുമോ?

നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെ സംസ്കാരത്തിന്റെ ഭാഗമായാണ് കാണാൻ ശ്രമിക്കുന്നത്. നാടോടിവിജ്ഞാനം സാർവ സംസ്കാരികം (Cultural Universal) ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലും നാടോടിവിജ്ഞാനമുണ്ടെന്നാണ് നിഗമനം. എല്ലാ സമൂഹങ്ങളിലും ഗ്രാമങ്ങൾ, നഗരങ്ങൾ, വികസിതസമൂഹങ്ങൾ, അവികസിതസമൂഹങ്ങൾ എന്നിവയിലൊക്കെത്തന്നെ തലമുറകളായി അനൗപചാരികമായി കൈമാറ്റം ചെയ്യപ്പെടുന്ന ചില പാരമ്പര്യങ്ങൾ കാണാൻ സാധിക്കും. ആയതിനാൽ പണ്ഡിതർ നാടോടിവിജ്ഞാനത്തെ ആധുനികസാഹചര്യങ്ങൾക്കനുസരിച്ച് പുനർനിർവചിക്കാൻ ശ്രമിക്കാറുണ്ട്.

### നാടോടിവിജ്ഞാനം : ആധുനികനിർവചനങ്ങൾ (Modern Definitions of Folklore)

പ്രശസ്ത നരവംശശാസ്ത്രജ്ഞനും നാടോടിവിജ്ഞാനശാസ്ത്രജ്ഞനുമായ അലൻ ഡൻഡിസ് ഫോക്‌ലോറിനെ നിർവചിച്ചിരിക്കുന്നത് ഫോക്, ലോർ എന്നീ രണ്ടു പദങ്ങളെ അടിസ്ഥാനമാക്കിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒന്നിലധികം പൊതുസ്വഭാവങ്ങൾ പങ്കുവയ്ക്കുന്ന ഏതൊരു ഗ്രൂപ്പും ഫോക് ആകുന്നു. മതം, ഭാഷ, തൊഴിൽ തുടങ്ങിയവയാവാം ഈ പൊതുവായ സ്വഭാവങ്ങൾ. ആയതിനാൽ ഒരു രാഷ്ട്രം അല്ലെങ്കിൽ കുടുംബം ഒരു ഫോക് ആകുന്നു. ഫോക് സമൂഹത്തിലെ അറിവാണ് ഫോക്‌ലോർ.

*പുതിയതും പഴയതുമായ സംസ്കാരത്തിന്റെ പ്രതിഫലനമാണ് നാടോടിവിജ്ഞാനം – (ഫ്രാൻസ് ബോസ്, അമേരിക്കൻ നരവംശശാസ്ത്രജ്ഞൻ)*

*പരിഷ്കൃതസമൂഹത്തിന്റെ എഴുതപ്പെടാത്ത ജനപ്രിയപാരമ്പര്യമാണ് നാടോടിവിജ്ഞാനം – (വില്യം വെൽസ് നെവെൽ)*

തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന വിശ്വാസങ്ങൾ, അറിവുകൾ, മൂല്യങ്ങൾ, ധാർമികത, പാരമ്പര്യങ്ങൾ തുടങ്ങിയവയാണ് ആദ്യകാലങ്ങളിൽ നാടോടിവിജ്ഞാനം എന്നു കണക്കാക്കപ്പെട്ടിരുന്നത്. സാക്ഷരപൂർവ സമൂഹത്തിൽ സാംസ്കാരികഘടകങ്ങൾ കൈമാറപ്പെടുന്നത് വാമൊഴികളും മാത്രമാണ്. ഇതോടൊപ്പം സാക്ഷരസമൂഹത്തിലെ വാമൊഴികളും നമുക്ക് നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുത്താൻ സാധിക്കും. ഉദാഹരണമായി വിത്തുവിതയ്ക്കൽ, മണ്ണ് ഉഴുതുമറിക്കൽ, വളംചേർക്കൽ, ഭക്ഷണപദാർഥങ്ങൾ കേടുവരാതെ സൂക്ഷിക്കൽ എന്നിവയുമായി ബന്ധപ്പെട്ട അറിവുകൾ, രോഗവുമായി ബന്ധപ്പെട്ട അറിവുകൾ, വിശ്വാസങ്ങൾ എന്നിവയും നാടോടിവിജ്ഞാനത്തിന്റെ ഭാഗമാണ്.

നാടോടിവിജ്ഞാനത്തിന്റെ എഴുതപ്പെട്ട ഘടകങ്ങളെ നാടോടിവിജ്ഞാനീയത്തിൽ ഉൾപ്പെടുത്താമോ എന്നത് ഒരു തർക്കവിഷയമാണ്. ഉദാഹരണത്തിന് – താളിയോലഗ്രന്ഥങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, നാടോടിക്കഥകൾ, നാടൻപാട്ടുകൾ, ചിലപ്പതികാരം, പഞ്ചതന്ത്രം കഥകൾ, രാമായണം, മഹാഭാരതം പോലുള്ള ഇതിഹാസങ്ങൾ തുടങ്ങിയവ പാഠപുസ്തകത്തിൽ കാണപ്പെടുന്നു എന്ന ഒറ്റ കാരണത്താൽ മാത്രം ഇവയൊക്കെ നാടോടിവിജ്ഞാനം അല്ലെന്നു പറയാൻ സാധിക്കില്ല. ഇവയിൽ മിക്കതും വാമൊഴിയിലൂടെ ഉദ്ഭവിച്ചതും കൈമാറ്റം ചെയ്യപ്പെ


ട്ടതുമാണ്. റേഡിയോ, ടെലിവിഷൻ തുടങ്ങിയവയിലൂടെ സംപ്രേഷണം ചെയ്യുന്ന നാടൻപാട്ടുകൾ പലതും എഴുതിയതും ചിട്ടപ്പെടുത്തിയതും ആധുനിക കലാകാരരാണ്. വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന നാടൻപാട്ടുകളിൽനിന്ന് ഇവയ്ക്ക് നേരിയ വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. ആയതിനാൽ ഇവയെയൊക്കെ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ഇതുപോലെ 'നാടോടിവിജ്ഞാനം' എന്നത് പൂർണമായും വാമൊഴിസംസ്കാരം മാത്രമാണെന്ന് അംഗീകരിക്കാൻ സാധ്യമല്ല. നാടോടിനൃത്തങ്ങൾ, നാടൻകലാരൂപങ്ങൾ, കരകൗശലവസ്തുക്കൾ, ചിത്രമെഴുത്ത്, ശിൽപ്പകലകൾ എന്നിവയൊന്നും വാമൊഴിയുടെയോ എഴുത്തുഭാഷയുടെയോ മാത്രം സാംസ്കാരികപാരമ്പര്യങ്ങളല്ല. ഇവയൊക്കെ അനുകരണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പരിശീലനങ്ങളിലൂടെയും പഠിക്കുന്നതും ആർജിക്കുന്നതുമാകുന്നു. ആയതിനാൽ നാടോടിവിജ്ഞാനം എന്നത് വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സാഹിത്യം മാത്രമല്ല, കല, കരകൗശലവസ്തുക്കൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ തുടങ്ങിയ സാംസ്കാരിക ഘടകങ്ങൾകൂടി ഉൾപ്പെടുന്നതാണ്.

നാടോടിവിജ്ഞാനത്തിന്റെ ഉദ്ഭവം പ്രാക്തനരും അപരിഷ്കൃതരുമായ നിരക്ഷരസമൂഹത്തിൽ ആണെന്നും പിന്നീട് പരിഷ്കൃതസമൂഹം രൂപംകൊണ്ടപ്പോൾ ഇവയൊക്കെ പാടേ നശിച്ചുപോയെന്നൊരു വിശ്വാസവും പൊതുവെ നിലവിലുണ്ട്. എന്നാൽ അലൻ ഡൻഡസിന്റെ അഭിപ്രായം, പരിഷ്കൃതസമൂഹത്തിലും ഫോക്‌ലോർ നിലനിൽക്കുന്നുണ്ടെന്നാണ്. പരമ്പരാഗത സമ്പ്രദായങ്ങൾ നിലനിൽക്കുന്ന (കഥകൾ, കളികൾ, പഴഞ്ചൊല്ലുകൾ, പാട്ടുകൾ) ഏതൊരു കൂട്ടവും ഫോക് ആകുന്നു. ഒരു കലാലയസമൂഹം, സൈനികട്രൂപ്പ്, ഓഫീസ് എന്നിവയൊക്കെ ഓരോ ഫോക് ആണെന്നും ഇവയിലെല്ലാം നാടോടിവിജ്ഞാനം നിലനിൽക്കുന്നുവെന്നുമാണ് അദ്ദേഹത്തിന്റെ വാദം. ആധുനികസമൂഹത്തിൽ പ്രത്യേകിച്ച് നഗരങ്ങളിൽ പുതിയ പുതിയ ഫോക്‌ലോറുകൾ ഉദ്ഭവിക്കുകയും പിന്നീട് അവ ഗ്രാമങ്ങളിലേക്കു വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, സ്പൈഡർമാൻ, ബാറ്റ്മാൻ, ഫാന്റം, മാൻഡ്രേക്ക് തുടങ്ങിയ കഥാപാത്രങ്ങൾ നഗരസംസ്കാരങ്ങളിൽ രൂപംകൊള്ളുകയും പിന്നീട് ഗ്രാമങ്ങളിലേക്കു വ്യാപിക്കുകയും ചെയ്തവയാണ്. ഇപ്രകാരം പരമ്പരാഗതനായകർക്കു പകരമായി ആധുനികവീര നായികാ നായക സങ്കൽപ്പങ്ങൾ രൂപപ്പെട്ടുവരുന്നു.

നാടോടിവിജ്ഞാനത്തിന്റെ നിർവചനങ്ങളെ സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടുകൾ നമ്മൾ പരിശോധിച്ചുകഴിഞ്ഞു. ഇവയിൽ പുരാതനവും ആധുനികവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്നതും സാർവത്രികമായി അംഗീകരിക്കപ്പെടുന്നതുമായ ഏതെങ്കിലും നിർവചനങ്ങൾ നിങ്ങൾ കണ്ടെത്തിയോ?

*നാടോടിവിജ്ഞാനത്തിന്റെ (ഫോക്‌ലോർ) നിർവചനങ്ങളിൽ അടങ്ങിയിരിക്കുന്ന സവിശേഷതകൾ പരിശോധിച്ച് ഒരു ചാർട്ട് തയാറാക്കുക.*



*പഴയതും പുതിയതുമായ നിർവചനങ്ങൾ പരിശോധിച്ച് നാടോടിവിജ്ഞാനത്തിന്റെ എല്ലാ സ്വഭാവസവിശേഷതകളും ഉൾപ്പെടുത്തി ഒരു നിർവചനം തയാറാക്കുക.*

## *പഠനപുരോഗതി വിലയിരുത്താം*

വിട്ടു പോയ ഭാഗം പൂരിപ്പിക്കുക.

എ) ഒന്നിലധികം പൊതുസ്വഭാവങ്ങൾ പങ്കുവയ്ക്കുന്ന ഒരു ഗ്രൂപ്പിനെ.......... എന്നു പറയുന്നു.

ബി) നാടോടിവിജ്ഞാനം ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലും കാണപ്പെടുന്നു. ആയതിനാൽ ഇത് ഒരു സാംസ്കാരിക....... ആകുന്നു.

ജനങ്ങളുടെ സാംസ്കാരികജീവിതത്തിൽ നാടോടിവിജ്ഞാനം പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു. ജനങ്ങളുടെ സാംസ്കാരികജീവിതത്തിൽ നാടോടിവിജ്ഞാനം പ്രധാന പങ്കു വഹിക്കുന്നു. നരവംശശാസ്ത്രം സംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിനാൽ ജനങ്ങളുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ നാടോടിവിജ്ഞാനം വഹിക്കുന്ന പങ്ക് അവഗണിക്കാൻ സാധ്യമല്ല. നാടോടിവിജ്ഞാനം ഒരു പ്രത്യേക വിജ്ഞാനശാഖയായി രൂപംകൊള്ളുന്നതിനു മുമ്പുതന്നെ സംസ്കാരപഠനത്തിന്റെ ഭാഗമായി നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെക്കുറിച്ച് പഠിച്ചിരുന്നു.

## നാടോടിവിജ്ഞാനവും നരവംശശാസ്ത്രവും (Folkore and Anthropology)

നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെ സംസ്കാരത്തിന്റെ ഭാഗമായി ത്തന്നെയാണ് കാണുന്നത്. നാടോടിപാരമ്പര്യത്തെ മനസ്സിലാക്കാതെയുള്ള സംസ്കാരപഠനം തികച്ചും അപൂർണമാണ്. ഒരു സമൂഹത്തിന്റെ അറിവ്, വിശ്വാസങ്ങൾ, മൂല്യങ്ങൾ എന്നിവ ആ സമൂഹത്തിലെ വിവാഹം, കുടുംബം, സാമ്പത്തികവ്യവസ്ഥിതി തുടങ്ങിയവ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഒരു സമൂഹത്തിന്റെ സംസ്കാരത്തെക്കുറിച്ച് ആഴത്തിലുള്ള പഠനത്തിലൂടെ, ഇത്തരം നാടോടിവിജ്ഞാനത്തെ മനസ്സിലാക്കാൻ നരവംശശാസ്ത്രജ്ഞർ ശ്രമിക്കുന്നു. അതിനാൽ ഒരു സമൂഹത്തിന്റെ സംസ്കാരരൂപങ്ങളെക്കുറിച്ച് രേഖപ്പെടുത്തുമ്പോഴും ജനകീയമാക്കുമ്പോഴും സംരക്ഷിക്കപ്പെടുമ്പോഴും ആ സമൂഹത്തിന്റെ നാടോടിവിജ്ഞാനംകൂടി വിവരിക്കേണ്ടത് നരവംശശാസ്ത്രജ്ഞരുടെ കടമയാണ്.

നരവംശശാസ്ത്രജ്ഞർക്കും നാടോടിവിജ്ഞാനശാസ്ത്രജ്ഞർക്കും അവരവരുടെ വിഷയങ്ങളുടെ വ്യാപ്തിയെക്കുറിച്ച് വ്യത്യസ്തമായ നിഗമനങ്ങളാണുള്ളത്. ആദ്യകാല നരവംശശാസ്ത്രജ്ഞരായ ജെയിംസ് ഫ്രെയ്സർ, ഇ.ബി. ടെയ്ലർ, ഫ്രാൻസ് ബോസ് എന്നിവരൊക്കെ നാടോടിവിജ്ഞാനപഠനത്തിലെ അഗ്രഗാമികളാണ്. പ്രശസ്ത നരവംശശാസ്ത്രജ്ഞനും ഫോക്‌ലോറിസ്റ്റുമായ വില്യം ആർ. ബാസ്ക്കോമിന്റെ അഭിപ്രായത്തിൽ നാടോടി വിജ്ഞാനപഠനം സംസ്കാരിക നരവംശശാസ്ത്രപഠനശാഖയിലുൾപ്പെടുന്നു. നരവംശശാസ്ത്രജ്ഞർ സംസ്കാരത്തെക്കുറിച്ച് പഠിക്കുമ്പോൾ ആ ജനതയുടെ നാടൻകഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയ നാടോടിവിജ്ഞാനങ്ങൾ രേഖപ്പെടുന്നില്ലെങ്കിൽ അത്തരം സാംസ്കാരികപഠനങ്ങൾ അപൂർണമായിരിക്കാനാണ് സാധ്യത. എന്നാൽ ആധുനിക നാടോടിവിജ്ഞാനശാസ്ത്രജ്ഞർ നാടോടിവിജ്ഞാനപഠനത്തെ ഒരു പ്രത്യേക പഠനശാഖയായി പരിഗണിക്കുന്നു.

നാടോടിവിജ്ഞാനപഠനം ഇന്ന് ഒരു സ്വതന്ത്രപഠനവിഷയമായി വളർന്നിരിക്കുന്നു. ഏതൊരു വിഷയത്തിന്റെ വളർച്ചയ്ക്കും മറ്റു പഠനവിഷയങ്ങളുമായുള്ള ബന്ധം അനിവാര്യമാണ്. നരവംശശാസ്ത്രജ്ഞർ അവലംബിക്കുന്ന ഐതിഹ്യങ്ങൾ, കുലചിഹ്നം (Totem) എന്നിവയെക്കുറിച്ചുള്ള ഘടനാപരമായ വിശകലനം നാടോടിവിജ്ഞാനീയശാസ്ത്രജ്ഞരും വ്യാപകമായി പ്രയോജനപ്പെടുത്തുന്നുണ്ട്. നരവംശശാസ്ത്രജ്ഞരും നാടോടിവിജ്ഞാനീയ ശാസ്ത്രജ്ഞരും തമ്മിലുള്ള വ്യത്യാസം അവരുടെ സമീപനങ്ങളിലും കാഴ്ചപ്പാടിലും നിലനിൽക്കുന്നുവെങ്കിലും ഇരുവിഭാഗത്തിന്റെയും പഠനമേഖലയിലും ഉള്ളടക്കത്തിലും സമാനതകൾ ദർശിക്കാവുന്നതാണ്.

അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഫ്രാൻസ് ബോസ് നാടോടിവിജ്ഞാന പാരമ്പര്യത്തെ പ്രധാനമായും ഉപയോഗിച്ചത് ആദിമസമൂഹങ്ങളുടെ ഉൽപ്പത്തി, വികാസം എന്നിവ മനസ്സിലാക്കുന്നതിനാണ്. അമേരിക്കയിലെ ആദിമനിവാസികളുടെ സംസ്കാരത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് അവരുടെ ഐതിഹ്യങ്ങൾ, കടങ്കഥകൾ, കലാരൂപങ്ങൾ, പാട്ടുകൾ, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, പുരാവൃത്തങ്ങൾ, നാടോടിക്കഥകൾ തുടങ്ങിയവ അദ്ദേഹം ശേഖരിച്ചു. 1888 ൽ അദ്ദേഹം അമേരിക്കൻ ഫോക്‌ലോർ സൊസൈറ്റി (The Institute of American Folklore Society) എന്ന സ്ഥാപനം ആരംഭിച്ചു. 1908 ൽ ആരംഭിച്ച അമേരിക്കൻ ജേണൽ ഓഫ് ഫോക്‌ലോർ (Journal of American Folklore) എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്റർ കൂടിയായിരുന്നു ഫ്രാൻസ് ബോസ്.

ഇന്ത്യൻ എത്‌നോഗ്രാഫിയുടെ പിതാവായ എസ്.സി. റോയിയുടെ അഭിപ്രായത്തിൽ നാടോടി വിജ്ഞാനം എന്നത് “മനുഷ്യമസ്സിന്റെ എഴുതപ്പെടാത്ത പൂർവചരിത്രം” ആണ് (Pre history of

human mind). നാടോടിപാരമ്പര്യങ്ങൾ ശേഖരിക്കേണ്ടതിന്റെയും അവ സംരക്ഷിക്കപ്പെടേണ്ട തിന്റെയും പ്രാധാന്യം അദ്ദേഹം ഊന്നിപ്പറയുന്നു. കാരണം, അവ തലമുറകളായി കൈമാറിക്കൊണ്ടിരിക്കുന്ന നമ്മുടെ പൊതുസമ്പത്താണെന്ന് അദ്ദേഹം വിശ്വസിക്കുന്നു അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തലമുറകളായി കൈമാറുന്ന പരമ്പരാഗത പൈതൃകമാണ് നാടോടിവിജ്ഞാനം. അദ്ദേഹം 'ഫോക്‌ലോർ റിസേർച്ചസ് ഇൻ ഇന്ത്യ' എന്ന പുസ്തകത്തിന്റെ എഡിറ്ററുമായിരുന്നു. പിന്നീട് 'ഫോക്‌ലോർ' എന്ന പ്രസിദ്ധീകരണം ആരംഭിക്കുകയുണ്ടായി.

ബ്രിട്ടിഷ് ഭരണനിർവഹണത്തിന്റെ ഭാഗമായിരുന്ന നരവംശശാസ്ത്രജ്ഞർ ഇന്ത്യൻ നാടോടിവിജ്ഞാനപഠനത്തിന്റെ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു മുൻപ് എത്തിച്ചേർന്ന ബ്രിട്ടിഷ് ഭരണാധികാരിയും നരവംശശാസ്ത്രജ്ഞനുമായിരുന്ന വെരിയർ എൽവിൻ ഇന്ത്യയിലെ വടക്കു കിഴക്കൻ മേഖലയിലും മധ്യമേഖലയിലുമുള്ള ആദിവാസിവിഭാഗങ്ങളെക്കുറിച്ച് പഠിക്കുകയുണ്ടായി. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ആദിവാസി വികസന കാര്യങ്ങളുടെ ഉപദേഷ്ടാവായിരുന്നു അദ്ദേഹം. ദി ബൈഗ (The Baiga 1939), മഹാകോശൽ നാടോടിക്കഥകൾ (Folk tales of Mahakoshal 1947), ഛത്തീസ്ഗഡിലെ നാടൻപാട്ടുകൾ (Folk Songs of Chattisgarh 1947), ഒറീസ(ഒഡീഷ)യിലെ ആദിവാസികളുടെ പുരാവൃത്തങ്ങൾ (Tribal Myth of Orissa : 1954) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങൾ. ആന്തമാൻ ദ്വീപസമൂഹത്തിലെ ആദിവാസികളുടെ പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവ വിശകലനം ചെയ്തുകൊണ്ട് എ.ആർ. റാഡ്ക്ലിഫ് ബ്രൗൺ എഴുതിയ പുസ്തകമാണ് 'ദി ആന്തമാൻ ഐലൻഡേഴ്സ്' (The Andaman Islanders).

### നാടോടി (ഫോക്), വിജ്ഞാനം (ലോർ) എന്നീ ആശയങ്ങൾ (Concept of Folk and Lore)

ആദ്യകാലങ്ങളിൽ ഫോക്‌ലോറിനെ നിർവചിച്ചിരുന്നത് 'ലോർ ഓഫ് ഫോക്' എന്നായിരുന്നു. ഇവിടെ'ഫോക്' എന്നതുകൊണ്ട് അർഥമാക്കുന്നത് പരമ്പരാഗതമായ, തദ്ദേശീയമായ, കൃഷിയുമായി ബന്ധപ്പെട്ട, സാക്ഷരപൂർവമായ, അപരിഷ്കൃതമായ, പ്രാക്തനമായ, പിന്നാക്കം നിൽക്കുന്ന എന്തൊക്കെയാണ്. 'ലോർ' എന്ന വാക്കിന്റെ അർഥം 'അറിവ്' എന്നാണ്. ആയതിനാൽ ആദ്യകാലങ്ങളിൽ ഫോക്‌ലോർ എന്ന പദം ഔപചാരിക വിദ്യാഭ്യാസമില്ലാത്ത അല്ലെങ്കിൽ നിരക്ഷരായ സമൂഹത്തിന്റെ പാരമ്പര്യത്തെ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

എന്നാൽ ആധുനികസമൂഹത്തിൽ 'ഫോക്' എന്ന ആശയം വ്യത്യസ്തമാണ്. അലൻ ഡൻഡസിന്റെ അഭിപ്രായത്തിൽ 'ഫോക്' എന്നത് കുടുംബമെന്ന ചെറുയൂണിറ്റോ രാഷ്ട്രമെന്ന വലിയ യൂണിറ്റോ, വ്യത്യസ്ത മതങ്ങൾ അല്ലെങ്കിൽ വ്യത്യസ്തമായ ഭൂപ്രദേശങ്ങൾ തുടങ്ങിയവയിൽ ഏതെങ്കിലുമോ ആകാം. അതുകൊണ്ട് ഇന്ത്യൻ നാടോടിവിജ്ഞാനം എന്നത് വ്യത്യസ്ത സംസ്ഥാനങ്ങളിലെ നാടോടിവിജ്ഞാനം, വ്യത്യസ്ത ജാതികൾ, തൊഴിലുകൾ, വംശീയ ഗ്രൂപ്പുകൾ എന്നിവയുടെയും നാടോടിവിജ്ഞാനമാണ്. ഒരു പുതിയ ആൾക്കൂട്ടം രൂപം കൊള്ളുമ്പോൾ തന്നെ പുതിയ ഒരു നാടോടിവിജ്ഞാനംകൂടി രൂപപ്പെടുന്നു. ഒരു വ്യക്തിതന്നെ ജാതി, മതം, ഇന്ത്യൻ നാട്ടുകൂട്ടം, കേരള നാട്ടുകൂട്ടം തുടങ്ങിയ നിരവധി വ്യത്യസ്ത നാടൻ കൂട്ടങ്ങളിലെ അംഗമാകുന്നു. ആയതിനാൽ നാടോടിവിജ്ഞാനത്തെ കുറിച്ചുള്ള ആധുനിക സങ്കൽപ്പം നിരക്ഷരരായിരുന്ന, ഔപചാരികവിദ്യാഭ്യാസം ലഭിക്കാതിരുന്ന ഗ്രാമീണസമൂഹത്തിന്റെ പാരമ്പര്യത്തോടൊപ്പം തന്നെ നാഗരിക, പരിഷ്കൃത, സാക്ഷരസമൂഹത്തിന്റെ പാരമ്പര്യം കൂടിയാകുന്നു.

### നാടോടിവിജ്ഞാനപഠനം (Folkloristics)

നാടോടിവിജ്ഞാനത്തെ (ഫോക്‌ലോറിനെ) കുറിച്ചുള്ള പഠനമാണ് നാടോടിവിജ്ഞാനപഠനം (ഫോക്‌ലോറിസ്റ്റിക്സ്). നാടോടിവിജ്ഞാനത്തെ കുറിച്ച് പഠിക്കുന്നവരാണ് നാടോടി വിജ്ഞാന ശാസ്ത്രജ്ഞർ. 19-ാം നൂറ്റാണ്ടിലാണ് നാടോടിവിജ്ഞാനീയം ഒരു പ്രത്യേക പഠന വിഷയമായി ആരംഭിച്ചത്. വ്യത്യസ്ത കാഴ്ചപ്പാടിലൂടെ നാടോടിവിജ്ഞാനത്തെക്കുറിച്ചു പഠിക്കേണ്ടതുണ്ട്. ആദ്യകാലഘട്ടങ്ങളിൽ വംശീയപഠന ഗവേഷണത്തിന്റെ ഭാഗമായി നാടോടി വിജ്ഞാനം പഠിച്ചിരുന്നു. ആയതിനാൽ നാടോടിവിജ്ഞാനം നരവംശശാസ്ത്ര ഗവേഷണങ്ങളിലും

വംശീയപഠനങ്ങളിലും ഒരുപോലെ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. നരവംശശാസ്ത്രജ്ഞർ നാടോടി വിജ്ഞാനം സംസ്കാരത്തിന്റെ ഭാഗമായി കാണുന്നു. ജനങ്ങളുടെ ആത്മകഥാപരമായ വിവരണമായി നാടോടിവിജ്ഞാനത്തെ ഇവർ കണക്കാക്കുന്നു.

നാടോടിവിജ്ഞാനം, നാടോടിവിജ്ഞാനപഠനം എന്നിവ തമ്മിൽ ആശയക്കുഴപ്പം നിലനിൽക്കുന്നു. അലൻ ഡൻഡസ് ഈ ആശയക്കുഴപ്പം ലഘൂകരിക്കാൻ ശ്രമിക്കുന്നുണ്ട്. നാടോടിവിജ്ഞാനം എന്നത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'ലോർ ഓഫ് ഫോക്' എന്നാണ്. ഇത് വസ്തുക്കളെയും വസ്തുതകളെയും പ്രതിനിധാനം ചെയ്യുന്നു. എന്നാൽ നാടോടി വിജ്ഞാനീയപഠനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'ഫോക്കിനെ കുറിച്ചുള്ള പഠനമാണ്' എന്നതാണ്. ഈ അർഥത്തിൽ നാടോടിവിജ്ഞാനം വിശാലമായ അർഥം വരുന്ന പൊതുവായ ഒരു പദവും നാടോടിവിജ്ഞാനീയപഠനം എന്നത് പരിമിതമായ അർഥങ്ങളുള്ള ഒരു പ്രത്യേക പദവുമാകുന്നു.

ഒരു സമൂഹത്തിന്റെ നാടോടിവിജ്ഞാനത്തിൽ ആ സമൂഹത്തിന്റെ സംസ്കാരവും ജീവിതവും ദർശിക്കാനാവും. ഒരു ജനസമൂഹത്തിന്റെ ജീവിതം മനസ്സിലാക്കണമെങ്കിൽ ആ സമൂഹത്തിലെ നാടോടിവിജ്ഞാനത്തിന്റെ ഘടകങ്ങളായ നാടോടിസാഹിത്യങ്ങൾ, നാടോടി വിശ്വാസങ്ങൾ, ആചാരങ്ങൾ, നാടോടിക്കളികൾ, നാടോടിക്കലാരൂപങ്ങൾ, നാടോടിശാസ്ത്രങ്ങളും സാങ്കേതികവിദ്യകളും തുടങ്ങിയവ മനസ്സിലാക്കേണ്ടതുണ്ട്.

## II. നാടോടിസാഹിത്യം (Folk Literature)

നാടോടിപ്പാട്ടുകൾ, നാടോടിക്കഥകൾ, കെട്ടുകഥകൾ, ഇതിഹാസങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, വീരകഥകൾ, അനുഗ്രഹങ്ങൾ, ശാപങ്ങൾ, ഉപകഥകൾ, രൂപകങ്ങൾ, വിളിപ്പേരുകൾ, സ്ഥലപുരാണങ്ങൾ, പ്രതിജ്ഞകൾ, അഭിവാദനങ്ങൾ, ഐതിഹ്യങ്ങൾ എന്നിവയാണ് നാടോടി സാഹിത്യത്തിൽ ഉൾക്കൊള്ളുന്നത്. ഇവയിൽ ചിലതൊക്കെ വരുംതലമുറയ്ക്ക് കൈമാറുന്നത് വാമൊഴിയിലൂടെയും മറ്റു ചിലതു കൈമാറുന്നത് വരമൊഴിയിലൂടെയുമാണ്.

### നാടൻപാട്ടുകൾ (Folk Songs)

നാടോടിസാഹിത്യത്തിന്റെ പ്രധാനരൂപമാണ് നാടൻപാട്ടുകൾ. മതം, ഐതിഹ്യം, കാർഷിക വൃത്തികളായ വിത, കൊയ്ത്ത്, സാമൂഹികജീവിതത്തിലെ പല സംഭവങ്ങൾ, വിവാഹം, ഭൂപ്രകൃതി, വീരപ്രവൃത്തികൾ തുടങ്ങിയ വിഷയങ്ങളിൽ നിന്നാണ് നാടൻപാട്ടുകൾക്കാസ്പദമായ ഉള്ളടക്കം തിരഞ്ഞെടുക്കുന്നത്. സാധാരണജനതയുടെ സന്തോഷങ്ങളും സങ്കടങ്ങളും പ്രതീക്ഷകളും ആഗ്രഹങ്ങളുമാണ് നാടൻപാട്ടുകളിൽ പ്രതിഫലിക്കുന്നത്. നമ്മുടെ തെയ്യം, തിറ, കളമെഴുത്ത് തുടങ്ങിയവയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട പാട്ടുകൾ, വഞ്ചിപ്പാട്ട്, വില്ലടിച്ചാൻപാട്ട്, വടക്കൻപാട്ട്, തെക്കൻപാട്ട്, മൈലാഞ്ചിപ്പാട്ട്, വട്ടക്കളിപ്പാട്ട്, ഒപ്പനപ്പാട്ട്, മാർഗംകളിപ്പാട്ട് തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നു.

മഹാബലിയുടെ ഐതിഹ്യവുമായി ബന്ധപ്പെട്ട് ഓണനാളുകളിൽ പാടുന്ന നാടൻപാട്ടാണ്

മാവേലി നാടുവാണീടുംകാലം...

തൊഴിലാളിവർഗത്തിനും ജോലിസ്ഥലങ്ങളിൽ അവരുടേതായ നാടൻപാട്ടുകളുണ്ട്.

പിടിയെടാ മോനേ .... ഐലസാ...<br>
ഒത്തുപിടിച്ചാൽ .... ഐലസാ...

### നാടോടിക്കഥകൾ (Folk Tales)

പ്രധാനമായും ബലം, ധൈര്യം, സദാചാരമൂല്യങ്ങൾ, നല്ല സ്വഭാവങ്ങൾ, പ്രകൃത്യതീത ശക്തികളോടുള്ള ആദരവ് തുടങ്ങിയവ സൂചിപ്പിക്കുന്നവയാണ് നാടോടിക്കഥകൾ. ഇവ തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നു. ഇവയിൽ സാധാരണ ഐതിഹ്യങ്ങൾ, മൃഗങ്ങളുടെ കഥകൾ, മാന്ത്രികക്കഥകൾ, തമാശക്കഥകൾ, സദാചാരക്കഥകൾ തുടങ്ങിയവയാണ് ഉൾപ്പെടുന്നത്. ഗ്രാമീണജനതയെ ഉദ്ബോധിപ്പിക്കാനുതകുന്ന ഒരു സാംസ്കാരികരീതിയാണ് നാടോടിക്കഥകൾ. കേരളത്തിൽ പ്രചാരമുള്ള നാടോടിക്കഥകളാണ്, 'പറയിപെറ്റപന്തിരുകുലം', 'കായംകുളം കൊച്ചുണ്ണി', 'വിരുതൻ ശങ്കു', സ്ഥലപുരാണങ്ങൾ, തെയ്യം തിറ എന്നിവയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട കഥകൾ തുടങ്ങിയവ. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല' എന്ന പുസ്തകം കേരളത്തിലെ നാടോടിക്കഥകളുടെ സമാഹാരമാണ്.

### ഐതിഹ്യങ്ങൾ (Myth)

'സ്റ്റാൻഡേർഡ് ഡിക്ഷ്ണറി ഓഫ് ഫോക്‌ലോർ' മിത്തിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. ഭൂതകാലത്ത് സംഭവിച്ച ഒരു കഥ. പ്രകൃതിയെയും പ്രകൃത്യതീതശക്തികളെയും ജനങ്ങളുടെ പാരമ്പര്യത്തെയും അവരുടെ ദൈവങ്ങളെയും വീരപുരുഷന്മാരെയും മതവിശ്വാസങ്ങളെയുമൊക്കെ കുറിച്ചുള്ള വർണനകളാണ് മിത്തുകൾ. അവ മതവിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും സാധാരണയായി ന്യായീകരണം കണ്ടെത്തുന്നു. ഇവ മുതിർന്നവരിൽനിന്നു പുതുതലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടത് കഥകളിലൂടെയാണ്. മിത്തുകൾ സൂചിപ്പിക്കുന്നത് മൗലിക വിശ്വാസങ്ങളെയും സാംസ്കാരികമൂല്യങ്ങളെയുമാണ്. നിരക്ഷരരായ സമൂഹത്തിന്റെയോ ഒരു ചെറുസമൂഹത്തിന്റെയോ, സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകളിൽ പ്രധാനഭാഗമാണ് മിത്തുകൾക്കുള്ളത്. അവ പൊതുതാൽപ്പര്യത്തെ പ്രതിനിധീകരിക്കുകയും അതിലെ ഉദാഹരണങ്ങൾ അനുകരിക്കുകവഴി പുതുതലമുറയെ മുന്നോട്ടു നയിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ വ്യത്യസ്ത ജാതികളുടെ ഉദ്ഭവത്തെക്കുറിച്ച് ഒരുപാട് ഐതിഹ്യങ്ങളുണ്ട്.

### പുരാവൃത്തങ്ങൾ (Legends)

പുരാവൃത്തങ്ങൾ യഥാർഥമായി സംഭവിച്ച കഥകളായിട്ടാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. വീരനായകരുടെ വീരശൂരകഥകളും അവയുടെ അധികാരസ്ഥാപനത്തെക്കുറിച്ചുള്ള അസത്യ വിവരണവുമൊക്കെയാണ് സാധാരണ പുരാവൃത്തങ്ങളിൽ കാണപ്പെടുന്നത്. ഇവ പലപ്പോഴും യാഥാർഥ്യങ്ങളുടെയും പ്രതിഭാസങ്ങളുടെയും സമ്മിശ്രമാണ്. വരുംതലമുറയെ രസിപ്പിക്കാനും പ്രചോദിപ്പിക്കാനും അവരിലേക്ക് മൂല്യവ്യവസ്ഥ കൈമാറ്റം ചെയ്യാനുമാണ് പുരാവൃത്തങ്ങൾ ഉപയോഗിക്കുന്നത്.

പുരാവൃത്തങ്ങൾക്ക് കർത്താവുണ്ടാകാറില്ല. അവ യഥാർഥജീവിതത്തിൽനിന്ന് അതേപടി ഒപ്പിയെടുത്തവയാണെന്നേ തോന്നൂ. പുരാവൃത്തങ്ങളിലൂടെ നാം അറിയുന്നത് പൂർവികരുടെയും ദേവതകളുടെയും ധീരതയെക്കുറിച്ചാണ്. താളാത്മകമായ ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ ഉള്ള നീണ്ട പുരാവൃത്തങ്ങളാണ് ഇതിഹാസങ്ങൾ എന്നറിയപ്പെടുന്നത്.

### പഴഞ്ചൊല്ലുകൾ (Proverbs)

പരമ്പരാഗതമായി നിലനിൽക്കുന്ന മൂല്യങ്ങളെയും ഉപദേശങ്ങളെയും ചെറുവാക്യങ്ങളായി ക്രോഡീകരിച്ചവയാണ് പഴഞ്ചൊല്ലുകൾ. വാമൊഴിയിലൂടെയാണ് ഇവ തലമുറകളിലേക്കു കൈമാറുന്നത്. പഴഞ്ചൊല്ലുകൾ ഉദ്ഭവിച്ചിരിക്കുന്നത് പൂർവികരുടെ യഥാർഥ ജീവിതാനുഭവങ്ങളിൽ നിന്നാണ്. യോജ്യമായ സന്ദർഭങ്ങളിൽ പറയുമ്പോഴാണ് പഴഞ്ചൊല്ലുകൾ അർഥവത്താകുന്നത്. പഴഞ്ചൊല്ലുകൾ വിശകലനം ചെയ്ത് അതിനു പിന്നിലുള്ള സത്യത്തെ വെളിപ്പെടുത്തി യോജിച്ച സ്ഥലത്തു ചേർക്കുന്നു. "മിണ്ടാപ്പൂച്ച കലമുടയ്ക്കും", "കാക്ക കുളിച്ചാൽ കൊക്കാകുമോ", "ഉരുളുന്ന കല്ലിന് പായൽ പിടിക്കില്ല", "അഹംഭാവം അധപ്പതനത്തിന്റെ മുന്നോടിയാണ്" എന്നിവ പഴഞ്ചൊല്ലുകളുടെ ഏതാനും ഉദാഹരണങ്ങളാണ്.

### കടങ്കഥകൾ (Riddles)

കടങ്കഥയെന്നാൽ ദ്വയാർഥമുള്ള ഒരു വാക്യമോ ചോദ്യമോ ആവാം. കുട്ടികൾക്ക് ബുദ്ധിപരമായ വളർച്ചയ്ക്ക് ഉതകുന്ന നല്ലൊരിനം വിനോദം കൂടിയാണിത്. ഉദാഹരണം: അടി പാറ, നടുവടി, മീതെ കുട (ചേന).

### സംഭവകഥകൾ (Anecdotes)

അനക്ഡോട്ട്സ് എന്നത് ഒരുതരത്തിൽ രസിപ്പിക്കുന്ന ചെറു സംഭവകഥകളാണ്. സംഭവകഥയിൽ പ്രതിപാദിക്കുന്ന ആളുകളുടെ പേരും സ്ഥലവുമെല്ലാം തിരിച്ചറിയാവുന്നതാണ്. കായംകുളം കൊച്ചുണ്ണിയുടെ കഥ ഇതിനുദാഹരണമാണ്.

### വീരഗാഥകൾ (Ballads)

പണ്ടത്തെ വീരയോദ്ധാക്കളുടെ ഗുണഗണങ്ങൾ വാഴ്ത്തി, അവയെ വർണാത്മകഗീതങ്ങളായും ലളിതമായ കാവ്യഭാഗങ്ങളായും (ശ്ലോകങ്ങൾ) രചിച്ചതിനെയാണ് വീരഗാഥകൾ എന്നു

പറയുന്നത്. വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, പുത്തൂരം പാട്ടുകൾ, വലിയ തമ്പി- കൊച്ചുതമ്പി പാട്ടുകൾ തുടങ്ങിയവയാണ് കേരളത്തിലെ പ്രശസ്തമായ വീരഗാഥകൾ.

*നിങ്ങളുടെ ചുറ്റുപാടിൽനിന്നു നാടൻപാട്ടുകൾ, നാടോടിക്കഥകൾ, ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സംഭവകഥകൾ, വീരഗാഥകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയാറാക്കുക.*



## III നാടോടിവിശ്വാസങ്ങളും വഴക്കങ്ങളും (Folk beliefs and Practies)

ഒരു സമൂഹത്തിന്റെ എല്ലാ തട്ടിലും പെടുന്ന ആളുകൾക്കിടയിൽ ചില പ്രത്യേക ആചാരങ്ങളും കീഴ്‌വഴക്കങ്ങളും വിലക്കുകളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അവ സാമൂഹിക സ്വഭാവത്തിന്റെ ഭാഗമായി മാറുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ചില വിശ്വാസങ്ങളിൽ ഉൾപ്പെടുന്നവയാണ് ശകുനം, അയിത്തം (തൊട്ടുകൂടായ്മ), ഈറ്റും മാറ്റും, രാഹുകാലം, വിനായകചതുർഥി, ജാതകം, മുഹൂർത്തം (നല്ല സമയം), വാസ്തുവിദ്യ, പ്രേതബാധകൊണ്ടുള്ള അസുഖങ്ങൾ, കണ്ണേറ് (കണ്ണുതട്ടുക), കരിനാക്ക് തുടങ്ങിയവ. നല്ല ശകുനവും ചീത്ത ശകുനവുമുണ്ടെന്നു കരുതപ്പെടുന്നു. നല്ല ശകുനത്തിൽ പെടുന്നവയായി കണക്കാക്കുന്നവയാണ് പശുവിനെ കാണൽ, നിറകുടം, സുമംഗലിയായ സ്ത്രീ തുടങ്ങിയവ. വിറക്, പാമ്പ്, ഒഴിഞ്ഞകുടം, ചൂല് തുടങ്ങിയവ ദുശ്ശകുനത്തിൽ പെടുന്നവയത്രേ. കുട്ടികളുടെ വിശപ്പില്ലായ്മയും പെട്ടെന്നുള്ള അസുഖബാധയും കണ്ണേറ് മൂലമാണെന്നാണ് പഴയ മലബാർ പ്രദേശത്ത് നിലനിന്നിരുന്ന ഒരു വിശ്വാസം. ഇതിനൊരു പരിഹാരമായി അവിടങ്ങളിലെ അമ്മമാർ ചുവന്ന മുളകും കടുകും കല്ലുപ്പും ചേർത്ത് മൂന്നു തവണ കുഞ്ഞിനെ ഉഴിഞ്ഞ് (ഉഴിഞ്ഞിടൽ) അവ തീയിലേക്ക് ഇടുന്നു.



*സമൂഹത്തിൽ നിലനിന്നിരുന്ന നാടോടിവിശ്വാസങ്ങളും ആചാരങ്ങളും.*

- *കുട്ടികളെ നിഴൽ നോക്കി കളിക്കാൻ അനുവദിച്ചിരുന്നില്ല. അത് അസുഖത്തിലേക്കുള്ള തുടക്കമായിട്ടാണ് മുതിർന്നവർ കരുതുന്നത്.*
- *ഗർഭിണികളായ സ്ത്രീകളെ ഏഴാം മാസത്തിന് ശേഷവും പ്രസവശേഷം ആദ്യ കുറച്ചു നാളുകളിലും പുറത്തുപോകാൻ അനുവദിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ ദുഷ്ടശക്തികൾക്കും പ്രേതബാധയ്ക്കും അവർ പെട്ടെന്ന് വശപ്പെട്ടുപോകും എന്നു കരുതപ്പെട്ടു. അതുകൊണ്ട് അവർ പുറത്ത് പോവാൻ നിർബന്ധിതരാണെങ്കിൽ കൂടെ, കൈയ്യിലൊരു ഇരുമ്പിൻ കഷണം കരുതുമായിരുന്നു.*

നാടോടി ആചാരങ്ങളിൽ ദൈനംദിന വഴക്കങ്ങളും (Day to day practices), പ്രത്യേക അവസരങ്ങളിലെ (Occassional Practices) വഴക്കങ്ങളുമുണ്ട്. നാടോടി ഉത്സവങ്ങൾ, അമ്പലത്തിലും മുസ്‌ലിം പള്ളിയിലും ക്രിസ്ത്യൻ പള്ളിയിലുമുള്ള പ്രാർഥനാവിശ്വാസങ്ങൾ, ദൈവങ്ങൾക്കുള്ള വഴിപാടുകൾ, പ്രസാദം, നേർച്ച, പ്രദക്ഷിണംവയ്ക്കൽ, തീർഥം തുടങ്ങിയവയാണ് ദൈനംദിന വഴക്കങ്ങളിൽപ്പെടുന്നവ. എന്നാൽ, മിക്കപ്പോഴും ജീവിതത്തിലെ വിഷമഘട്ടങ്ങളിലനുഷ്ഠിക്കുന്ന ആചാരങ്ങളാണ് പ്രത്യേക അവസരങ്ങളിലെ ആചാരങ്ങൾ. ആറ്റുകാൽ പൊങ്കാല, എളവൂർ തൂക്കം, കാവടിയെടുക്കൽ തുടങ്ങിയവ പ്രത്യേക അവസരങ്ങളിലെ വഴക്കങ്ങൾക്കുദാഹരണങ്ങളാണ്.

## IV നാടൻകളികൾ (Folk Games)

ഗ്രാമീണജനതയുടെ വിനോദത്തിലും ഉല്ലാസത്തിലും നാടൻകളികൾ ഒരു പ്രധാന പങ്കു വഹിക്കുന്നു. ഇവയെ നേരംപോക്കിനുള്ള ഒരു ഉപാധിയായിട്ടാണ് മുതിർന്നവരും കുട്ടികളും കാണുന്നത്. വ്യക്തികൾ തമ്മിലുള്ള സഹകരണം, പ്രശ്നങ്ങൾക്കുള്ള പോംവഴി, മൂല്യാവബോധം, വ്യക്തിത്വവികസനം തുടങ്ങിയവയുടെ വളർച്ചയ്ക്ക് അവ നേരിട്ടോ അല്ലാതെയോ കാരണ മാകുന്നുണ്ട്.

നാടൻകളികളിൽ ദൈനംദിനകളികളും പ്രത്യേക അവസരങ്ങളിലുള്ള കളികളും (സാന്ദർഭിക കളികളും) ഉൾപ്പെടുന്നു.

എ) **ദൈനംദിനകളികൾ (Day to day Games)** : പാരമ്പര്യ കളികളാണ് ദൈനംദിന കളികളിൽപ്പെടുന്നത്. തലപ്പന്തുകളി, ഗോട്ടികളി, കുട്ടിയും കോലും, കക്കകളി, വളപ്പൊട്ടുകളി എന്നിവയൊക്കെ ഈ വിഭാഗത്തിൽപ്പെടുന്നു.

ബി) **പ്രത്യേകാവസരങ്ങളിലുള്ള കളികൾ (Occasional Games)**: ചില വിശേഷപ്പെട്ട അനുഷ്ഠാനാവസരങ്ങളിലും ഉത്സവാവസരങ്ങളിലുമാണ് ഇവയുടെ അവതരണം. ചിലപ്പോൾ ഇവ നാടൻകളികളോ പക്ഷിമൃഗാദികളുടെ മത്സരങ്ങളോ ആവാം. വള്ളംകളി, പൂരക്കളി, തിരുവാതിര ക്കളി, മാർഗംകളി, ഒപ്പന, പുലികളി, കോഴിപ്പോര്, കാളപ്പോര്, ആനയോട്ടം തുടങ്ങിയവ കേരളത്തിലെ സാന്ദർഭിക കളികളിൽ പെടുന്നവയാണ്.



ചിത്രം.10.2 മുച്ചിലോട്ടുഭഗവതി കേരളത്തിൽ മലബാർ മേഖലയിൽ കൊട്ടിയാടുന്ന തെയ്യം

## V നാടൻകലകൾ (Folk Arts)

നാടോടിനൃത്തരൂപങ്ങൾ ആടയാഭരണങ്ങൾ, വരകൾ എന്നിവയിലൂടെയും പ്രതിഫലിക്കപ്പെടുന്ന മനുഷ്യന്റെ സർഗാത്മകമായ അവതരണങ്ങളാണ് നാടൻകലകൾ. അവതരണ കലകളും അവതരണേതര കലകളും ഇതിൽ ഉൾപ്പെടുന്നു.



ചിത്രം.10.3 കളമെഴുത്ത് -സർപ്പക്കളം

**അവതരണകലകൾ (Performing Arts)**

നാടോടിനൃത്തം, നാടോടിനാടകം, കുട്ടിക്കവിതകൾ, കയർചാട്ടം, നാടോടി ഹാസ്യചിത്രം, നാടോടി ആംഗ്യപ്രയോഗം തുടങ്ങിയവ ഇതിൽപ്പെടുന്നു. കേരളത്തിലെ അവതരണേതരകലകളാണ് തെയ്യം, പടയണി, ആടിവേടൻ, കൂത്ത്, കൂടിയാട്ടം, തൂക്കം തുടങ്ങിയവ.

**അവതരണേതരകലകൾ (Non-Performing Arts)**

ശില്പകലകൾ, കലാരൂപങ്ങൾ, കരകൗശലവസ്തുക്കൾ, പാവനിർമാണം, പെയിന്റിങ്, പച്ചകുത്തൽ, ദേവീദേവന്മാരുടെ പ്രതിമനിർമാണം തുടങ്ങിയവ അവതരണേതരകലകളാണ്. കളമെഴുത്ത്, കോലം, മുഖമെഴുത്ത്, തെയ്യത്തിന്റെ ആഭരണനിർമാണം, ചുമർച്ചിത്രം, കൊത്തുപണികൾ തുടങ്ങിയവ കേരളത്തിലെ അവതരണകലകളിൽ ഉൾപ്പെടുന്നവയാണ്.

## VI.നാടോടിശാസ്ത്രവും സാങ്കേതികവിദ്യയും (Folk Science and Technology)

**നാടോടിശാസ്ത്രം**: സാധാരണജനങ്ങളുടെ പരമ്പരാഗതമായ അറിവിനെയാണ് നാടോടിശാസ്ത്രമെന്നു പറയുന്നത്. പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള അറിവുകൾ, പാരമ്പര്യചികിത്സ, വാസ്തുവിദ്യ, പഴം, പച്ചക്കറി തുടങ്ങിയവ കേടുവരാതെ സൂക്ഷിക്കൽ, പാചകവിദ്യ, കൃഷി, വസ്ത്രങ്ങൾക്ക് ചായം നൽകൽ, നക്ഷത്രങ്ങളെയും ജ്യോതിർഗോളങ്ങളെയും കുറിച്ചുള്ള അറിവുകൾ, തണുത്തതും ചൂടുള്ളതുമായ ഭക്ഷണങ്ങൾ സംബന്ധിച്ച ആശയം തുടങ്ങിയവ നാടോടിശാസ്ത്രത്തിൽ ഉൾപ്പെടുന്നു.
ഞാറ്റുവേല, വിളകൾക്ക് വളമിടൽ, വിത, കൊയ്ത്ത് എന്നീ കാലത്തെക്കുറിച്ചുള്ള അറിവ്, സസ്യങ്ങളിലെ ഔഷധഗുണം, ചികിത്സ തുടങ്ങിയ പരമ്പരാഗത അറിവുകൾ എന്നിവ കേരളത്തിലെ നാടോടിശാസ്ത്രത്തിൽപ്പെടുന്നു.
**നാടോടിസാങ്കേതികവിദ്യ**: നാടോടിശാസ്ത്രത്തിന്റെ പ്രയോഗമാണ് നാടോടിസാങ്കേതികവിദ്യ. ഇതിൽ ഉൾപ്പെടുന്നത് നാടൻശില്പങ്ങൾ, വീടുനിർമാണസാങ്കേതികശാസ്ത്രം (നാലുകെട്ട്, അഗ്രഹാരങ്ങൾ), മതിലുകൾ, ചീനവലകൾ, രഥങ്ങൾ, പല്ലക്ക്, ബോട്ട് (ബേപ്പൂർ ഉരു, ചുണ്ടൻവള്ളം) ആഭരണങ്ങൾ, ഹുക്കകൾ, മൺപാത്രങ്ങൾ, ബാഗുകൾ, നെയ്ത്ത്, പാചകം തുടങ്ങിയവയാണ്.

*കേരളത്തിലെ ഫോക്‌ലോറുകളെക്കുറിച്ചൊരു സെമിനാർ പേപ്പർ തയാറാക്കുക. (എ) നാടോടിസാഹിത്യം (ബി) നാടൻകലകൾ (സി) നാടൻകളികൾ (ഡി) നാടോടിവിശ്വാസങ്ങളും ആചാരങ്ങളും (ഇ) നാടോടിശാസ്ത്രവും സാങ്കേതികവിദ്യകളും എന്നിവ ഉൾക്കൊള്ളിച്ചു വേണം സെമിനാർ പേപ്പർ തയാറാക്കേണ്ടത്.*



നിങ്ങളുടെ ചുറ്റുപാടിൽ നിന്നും നാടൻകലകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. വിവരസാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഒരു ഡിജിറ്റൽ അവതരണം തയാറാക്കുക.



### *പഠനപുരോഗതി വിലയിരുത്താം*

1. ഒറ്റപ്പെട്ടതു കണ്ടെത്തി നിങ്ങളുടെ ഉത്തരങ്ങൾക്കു ന്യായീകരണം നൽകുക.
   എ) ഭരതനാട്യം, ഒപ്പന, ഒഡീസി, കഥകളി
   ബി) കളമെഴുത്ത്, കോലം, തെയ്യം, ചുമർച്ചിത്രം
2. ശരിയോ തെറ്റോ എന്ന് എഴുതുക.
   എ) തെയ്യം ഒരു അനുഷ്ഠാനകലയാണ്.
   ബി) താളാത്മകമായ ഗദ്യരൂപത്തിലുള്ള നീണ്ട പുരാവൃത്തങ്ങൾ ഇതിഹാസങ്ങൾ എന്നറിയപ്പെടുന്നു.

നാടോടിവിജ്ഞാനം സാർവത്രികമാണ്. പരിഷ്കൃത- അപരിഷ്കൃത സമൂഹങ്ങളിലും, നിരക്ഷര, - സാക്ഷരസമൂഹത്തിലും ഗ്രാമീണ - നാഗരികസമൂഹങ്ങളിലും നാടോടിവിജ്ഞാനമുണ്ട്. പാരമ്പര്യ അറിവുകളും വിശ്വാസങ്ങളും ആചാരങ്ങളും ഒരു തലമുറയിൽനിന്ന് മറ്റൊരു

തലമുറയ്ക്കു പകർന്നുനൽകുന്നത് വാമൊഴിയിലൂടെയാണ്. നാടോടിവിജ്ഞാനം എന്ന ധാരണതന്നെ മാറ്റങ്ങളിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. നിരക്ഷരസമൂഹം സാക്ഷര സമൂഹമായി പരിണമിച്ചാലും അവർക്ക് അവരുടെ പാരമ്പര്യ അറിവും വിശ്വാസങ്ങളും അവഗണിക്കാൻ സാധിക്കില്ല.

നാടോടിവിജ്ഞാനത്തിന്റെ അനുഷ്ഠാനപാത പരിഗണിക്കാതെ ആ അറിവിനെ വളരെ വിപുലമായി പല സന്ദർഭത്തിലും ഉപയോഗിക്കുന്നത് കാണാൻ സാധിക്കും. ഉദാഹരണം

- മലബാറിലെ കാവുകളിലുള്ള തെയ്യമെന്ന അനുഷ്ഠാനകലയെ പരസ്യവിപണിക്കും വിനോദ സഞ്ചാരപ്രചാരണത്തിനുമായി പലപ്പോഴും ഉപയോഗിക്കുന്നു.
- ..........................................................................................................
- ..........................................................................................................

സമാനമായ നാടോടിപാരമ്പര്യങ്ങൾ (Folk traditions) നിങ്ങളുടെ ചുറ്റുപാടിൽ നിന്നു ശേഖരിച്ച് അവയ്ക്കുള്ള കാരണങ്ങൾ ഏതെല്ലാമെന്ന് ക്ലാസിൽ ചർച്ച ചെയ്യുക.

നാടോടിപാരമ്പര്യങ്ങൾ അനുഷ്ഠാനപരമായല്ലാതെ പല മേഖലകളിലും വ്യത്യസ്ത ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതായി കാണാം. ഇവ പ്രായോഗിക നാടോടി വിജ്ഞാനീയത്തിലാണ് ചർച്ച ചെയ്യപ്പെടുന്നത്.


## VII. പ്രയുക്തനാടോടിവിജ്ഞാനം (Applied Folklore)

സമൂഹത്തിൽ വ്യത്യസ്ത സന്ദേശങ്ങൾ ഉയർത്തിക്കാട്ടുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി പല സന്ദർങ്ങളിലും നാടോടിവിജ്ഞാനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെയാണ് പ്രയോഗ നാടോടിവിജ്ഞാനം അഥവാ അപ്ലൈയ്ഡ് ഫോക്‌ലോർ എന്നു പറയുന്നത്. ഒരു സംസ്കാരത്തിന്റെ മൂല്യങ്ങളും വിശ്വാസങ്ങളും മനുഷ്യമനസ്സിനെ സ്വാധീനിക്കുന്ന പ്രധാന ഉപാധികളാണ്. ഇവ പരസ്യങ്ങൾ, വിപണി, വിനോദസഞ്ചാരം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ ലോക വിപണിയിൽ ഇത്തരത്തിലുള്ള വംശീയകലാരൂപങ്ങൾ വിശാലമായ വീക്ഷണത്തിൽ ഉപയോഗിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനും നാടൻവിശ്വാസങ്ങളും അറിവുകളും ഇക്കാലത്ത് വ്യാപകമായി ഉപയോഗിച്ചുവരുന്നു. ഇത് നാടോടിവിജ്ഞാനത്തിന്റെ വാണിജ്യ പ്രായോഗികതയെയാണ് സൂചിപ്പിക്കുന്നത്.

തെയ്യം, മഹാബലി തുടങ്ങിയ ചിത്രങ്ങൾ വിവിധ ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾക്കും വിവിധ രാഷ്ട്രീയപ്പാർട്ടികളുടെയും തൊഴിലാളിസംഘടനകളുടെയും പരിപാടികളുടെ പ്രചാരണത്തിനായും വ്യാപകമായി ഉപയോഗിച്ചുവരുന്നു. ആയുർവേദം, ഗോത്രവൈദ്യം തുടങ്ങിയ പരമ്പരാഗത വൈദ്യങ്ങളും തെയ്യം, തിറ, കളരി തുടങ്ങിയ കലാരൂപങ്ങളും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ ഉപയോഗിച്ചുവരുന്നുണ്ട്. അവതരണകലയായ വില്ലടിച്ചാൻപാട്ട് കുടുംബാസൂത്രണപദ്ധതി പ്രചരിപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്നു. അച്ചടിച്ച നാടൻ സാഹിത്യങ്ങൾ ഔപചാരികവിദ്യാഭ്യാസത്തിനും പ്രയോജനപ്പെടുത്തുന്നുണ്ട്. സമൂഹൈക്യം നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രായോഗിക നാടൻ കലാരൂപങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

*താഴെ കൊടുത്ത പരസ്യം ശ്രദ്ധിക്കുക:*
*'സമ്പൽസമൃദ്ധിക്കായി അക്ഷയതൃതീയ ദിനത്തിൽ സ്വർണം വാങ്ങുവിൻ.'*
*ഇതുപോലെ നാടോടിവിശ്വാസങ്ങളുമായി ബന്ധപ്പെട്ടുള്ള മറ്റുപരസ്യങ്ങൾ ശേഖരിച്ച് അവ എങ്ങനെയാണ് സാധാരണ ജനങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്നതെന്ന് ചർച്ച ചെയ്യുക. ചർച്ചയുടെ റിപ്പോർട്ട് ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്.*



വ്യത്യസ്ത സംസ്കാരങ്ങളിലെ ജനങ്ങളുമായി ഇടപഴകുമ്പോൾ അവരുടെ സാംസ്കാരിക സവിശേഷതകൾ കൂടി മനസ്സിലാക്കേണ്ടതുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ വിശ്വാസങ്ങൾ, ആചാരങ്ങൾ, പെരുമാറ്റങ്ങൾ, ഭക്ഷണരീതികൾ തുടങ്ങിയവ രൂപപ്പെടുത്തുന്നതിൽ തനതായ പാരമ്പര്യം പ്രധാന പങ്കുവഹിക്കുന്നു. അതിനാൽ മറ്റു സമൂഹങ്ങളുടെ നാടോടിവിജ്ഞാനം കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ചിലപ്പോൾ മറ്റു സംസ്കാരങ്ങളിലെ ധാർമികത, ആചാരങ്ങൾ, പെരുമാറ്റരീതികൾ തുടങ്ങിയവ നമുക്ക് അപരിചിതമായേക്കാം. ഉദാഹരണത്തിന് അതിഥികളെ സ്വാഗതം ചെയ്യുന്നത് വ്യത്യസ്ത സംസ്കാരങ്ങളിൽ വ്യത്യസ്ത രീതിയിലാണ്. ഇത്തരത്തിലുള്ള അറിവുകൾ മറ്റുള്ളവരുമായി ഇടപഴകുന്നതിന് നമുക്ക് വളരെ സഹായകമായേക്കാം.



ചിത്രം.10.4-വിവിധ സംസ്കാരങ്ങളിൽ അഭിവാദ്യം ചെയ്യുന്ന രീതികൾ

ആരോഗ്യരംഗത്തെ പ്രശ്നങ്ങളിൽ നാടോടിവിജ്ഞാനം വളരെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും. 'നവാജൊ' എന്ന ആദിവാസിസമൂഹത്തിൽ പാരമ്പര്യചികിത്സകന്റെയും ആധുനിക വൈദ്യശാസ്ത്രചികിത്സകന്റെയും സേവനങ്ങൾ സംയോജിപ്പിക്കുക വഴി പാരമ്പര്യവൈദ്യത്തിന്റെ പ്രാധാന്യം ഉയർത്തിക്കാണിക്കാനും ആധുനിക ചികിത്സ ഉറപ്പുവരുത്താനും സാധിച്ചു. രോഗികൾക്ക് വളരെ എളുപ്പത്തിൽ ശരിയായ ചികിത്സയാണ് ലഭിക്കുന്നതെന്ന തോന്നലുണ്ടാക്കാൻ ഇതുവഴി കഴിഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ പരമ്പരാഗത വിശ്വാസങ്ങളും ആചാരങ്ങളും ഡോക്ടർമാർ പ്രയോജനപ്പെടുത്തുന്നു.



*നാടോടിവിജ്ഞാനങ്ങൾ പരസ്പരം അറിയേണ്ടതുണ്ടോ?*

*പരസ്പരം ഇടപഴകുന്നതിനുമുമ്പ് രണ്ടു സംസ്കാരങ്ങളിലെയും നാടോടിവിജ്ഞാനങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. അറബ് രാജ്യങ്ങളിലെ പൗരർ മറ്റു വ്യക്തികളുമായി സംസാരിക്കുമ്പോൾ അവർ വളരെ അടുത്തുനിന്ന് സംസാരിക്കുമെന്ന് അമേരിക്കക്കാരൻ അറിഞ്ഞിരിക്കേണ്ടതാണ്. അമേരിക്കക്കാരൻ ഇത്തരത്തിലുള്ള അറബ് പൗരന്റെ സമീപനം ദേഷ്യത്തോടെ കാണുന്നുവെങ്കിൽ അമേരിക്കൻ പൗരരുടെ അകന്നു നിന്നുള്ള സംസാരം അറബ് പൗരർ കാണുന്നത് സംസാരിക്കാൻ താൽപ്പര്യമില്ലായ്മയായിട്ടാണ്. ഇതുകാരണം ഇവർ തമ്മിലുള്ള ആശയവിനിമയം ശരിയായ രീതിയിൽ നടക്കണമെന്നില്ല.*

നാടോടിവിജ്ഞാനത്തിന്റെ ഘടകങ്ങളായ നാടൻ കലാരൂപങ്ങൾ, നാടൻകളികൾ, നാടൻപാട്ടുകൾ തുടങ്ങിയവ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കാരണം എല്ലാ സംസ്കാരങ്ങളും അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ഇതോടൊപ്പം നാടോടിവിജ്ഞാനത്തിലൂടെ പകർന്നുനൽകിയ മൂല്യങ്ങളും ധാർമികതയും ചോർന്നുപോയ്ക്കൊണ്ടുമിരിക്കുന്നു. ഉദാഹരണത്തിന്, മിക്കവാറും എല്ലാ കാർഷികപ്രവൃത്തികളും കൃഷിഗീതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ആധുനിക കാലഘട്ടത്തിൽ ജനങ്ങൾ 'വൈറ്റ് കോളർ' ജോലികളിലേക്ക് തിരിയുകയും കൃഷി യന്ത്രവൽകൃത പ്രവർത്തനമായി മാറുകയും

ചെയ്തതോടെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പാട്ടുകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അതിനാൽ നാടോടിവിജ്ഞാനത്തിന്റെ പല ഘടകങ്ങളും രേഖപ്പെടുത്തി വരും തലമുറകൾക്കു വേണ്ടി സംരക്ഷിക്കേണ്ടതുണ്ട്.

## നാടോടിവിജ്ഞാന ശേഖരണവും സംരക്ഷണവും (Folklore Documentation and Archiev)

നാടോടിവിജ്ഞാനങ്ങളിൽ വളരെ വേഗത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതിനാൽ അവ രേഖപ്പെടുത്തേണ്ടതും സംരക്ഷിക്കേണ്ടതും അനിവാര്യമാണ്. ആശയങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ, സാഹിത്യം തുടങ്ങിയവ അച്ചടിരീതിയിലോ മറ്റോ രേഖപ്പെടുത്തുന്ന പ്രക്രിയയാണ് രേഖപ്പെടുത്തൽ (ഡോക്യുമെന്റേഷൻ). ഇത്തരത്തിൽ സംരക്ഷിച്ചവ ഒരു ഡോക്യുമെന്റാണ്. ബഹുജനമാധ്യമങ്ങളുടെ വികാസവും പരമ്പരാഗതസംസ്കാരങ്ങൾ സംരക്ഷിക്കാനുള്ള പൊതുതാൽപ്പര്യവും കാരണം ഒട്ടുമിക്ക നാടോടി വിജ്ഞാനങ്ങളും രേഖപ്പെടുത്തുകയോ ഡോക്യുമെന്റ് ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. മിക്ക പുരാരേഖാ സംരക്ഷണകേന്ദ്രങ്ങളിലും നാടോടി സാഹിത്യവും കലാരൂപങ്ങളും കരകൗശലവസ്തുക്കളും കാണാൻ സാധിക്കും.



***കേരള ഫോക്‌ലോർ അക്കാദമി***

*കണ്ണൂർ ജില്ലയിലെ ചിറക്കൽ എന്ന സ്ഥലത്ത് 1995 ലാണ് കേരള ഫോക്‌ലോർ അക്കാദമി സ്ഥാപിച്ചത്. നാടൻകലാരൂപവുമായി ബന്ധപ്പെട്ട കലാകാരരുടെ ക്ഷേമമാണ് ഈ അക്കാദമിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ അമൂല്യമായ നാടൻ കലാരൂപങ്ങളെയും പാരമ്പര്യങ്ങളെയും സംരക്ഷിക്കുക, പ്രോത്സാഹിപ്പിക്കുക, പുനരാവിഷ്കരിക്കുക തുടങ്ങിയവയും ഇതിന്റെ ലക്ഷ്യങ്ങളാണ്. പരമ്പരാഗതമായ ഒരു നാലുകെട്ടിലാണ് ഈ അക്കാദമി പ്രവർത്തിക്കുന്നത്. ഫോക് മ്യൂസിയവും ഫോക് ലൈബ്രറിയും പ്രസിദ്ധീകരണവിഭാഗവും ഫോക്‌ലോർ അക്കാദമിയിൽ പ്രവർത്തിക്കുന്നുണ്ട്.*

പുരാരേഖാസംരക്ഷണകേന്ദ്രങ്ങളുടെ (FolkArchieves) പ്രധാന ലക്ഷ്യങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.


- നാടോടിപാരമ്പര്യങ്ങൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- നാടോടി കലാകാരരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ക്ഷേമം ഉറപ്പുവരുത്തുകയും ചെയ്യുക.
- വ്യത്യസ്തങ്ങളായ നാടൻകലാരൂപങ്ങളെ ജനപ്രിയമാക്കുക.
- സാംസ്കാരികപൈതൃകങ്ങൾ മനസ്സിലാക്കാൻ സാധാരണ ജനങ്ങളിലേക്ക് ഇത്തരം കലാരൂപങ്ങൾ എത്തിക്കുക.

രേഖപ്പെടുത്തിയ നാടോടിവിജ്ഞാനങ്ങൾ പുരാവസ്തു സംരക്ഷണകേന്ദ്രത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുകയും സംരക്ഷിക്കുകയും വേണം. രേഖപ്പെടുത്തുമ്പോൾ നാടോടിവിജ്ഞാനീയത്തിന്റെ എല്ലാ ഘടകങ്ങളും അവയുടെ സാംസ്കാരിക സന്ദർഭങ്ങൾക്കനുസരിച്ച് രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാരണം, സംസ്കാരങ്ങളിൽനിന്നു വേർതിരിക്കപ്പെടുന്ന നാടോടി വിജ്ഞാനങ്ങൾ അർഥമില്ലാത്തതാകുന്നു. തെയ്യം പോലുള്ള കലാരൂപങ്ങൾ അവയുടെ സാംസ്കാരിക സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തിയല്ല രേഖപ്പെടുത്തുന്നതെങ്കിൽ മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റാൻ അവ സഹായകമാവില്ല.

നാടോടിവിജ്ഞാനങ്ങൾ ജനപ്രിയമാക്കുന്നതിന് വിവിധ മാധ്യമങ്ങൾ പ്രത്യേകിച്ച്, ബഹുജന മാധ്യമങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്.

## ബഹുജനമാധ്യമങ്ങളും നാടോടിവിജ്ഞാനവും (Mass Media & Folklore)

നാടോടിവിജ്ഞാനം ജനപ്രിയമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനു നാടോടിവിജ്ഞാനത്തിന്റെ നിരവധി ഘടകങ്ങൾ ശബ്ദ-ദൃശ്യ മാധ്യമ



ങ്ങളിലൂടെയും വാമൊഴി - വരമൊഴിവിദ്യയിലൂടെയും രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്ത തരത്തിൽ അവതരിപ്പിക്കുന്നതിലൂടെ ഇവ പൊതുജനങ്ങൾക്ക് യഥേഷ്ടം ലഭ്യമാകുന്നുമുണ്ട്. പുസ്തകങ്ങൾ, അനുദിനക്കുറിപ്പുകൾ, വർത്തമാനപത്രങ്ങൾ, മാസികകൾ, ഗവേഷണപ്രബന്ധങ്ങൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെയും ഇവ ജനങ്ങളിലേക്ക് എത്തുന്നു. റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ മാധ്യമങ്ങളും സ്കൂൾ - കോളേജ് പ്രദർശന വേദികളും നാടോടിവിജ്ഞാനത്തെ ജനപ്രിയമാക്കാൻ സഹായിക്കുന്നു. വിനോദസഞ്ചാര കേന്ദ്രമായ പുരാരേഖാ സംരക്ഷണകേന്ദ്രങ്ങൾ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനും നാടോടി വിജ്ഞാനം ജനപ്രിയമാക്കാനും ഒരുപോലെ സഹായിക്കുന്നു. ഇങ്ങനെയൊക്കെ ചെയ്യുമ്പോഴും നാടോടിവിജ്ഞാനത്തെക്കുറിച്ചുള്ള തെറ്റായ വ്യാഖ്യാനങ്ങൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.


### നാടോടിവിജ്ഞാനവും വിനോദസഞ്ചാരവും (Folklore and Tourism)

ഒരു പ്രദേശത്തെ സംസ്കാരങ്ങളും സാംസ്കാരിക വൈവിധ്യങ്ങളും ആ പ്രദേശത്തെ വിനോദസഞ്ചാര സമ്പദ്‌വ്യവസ്ഥയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സാംസ്കാരികവൈവിധ്യങ്ങൾ, പ്രത്യേകിച്ച് നാടൻ കലാരൂപങ്ങൾ, കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി, സാംസ്കാരിക വിനോദസഞ്ചാരത്തിന് പുതിയ ദിശാബോധം നൽകിയിട്ടുണ്ട്. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നാടോടിവിജ്ഞാനം പ്രയോജനപ്പെടുത്തുന്നുമുണ്ട്.

വിനോദസഞ്ചാരവ്യവസായത്തിന്റെ പ്രധാനപ്പെട്ട ഘടകമായ സാംസ്കാരിക വിനോദസഞ്ചാരം പ്രധാനമായും ഊന്നൽ നൽകുന്നത് സാംസ്കാരിക ആകർഷണങ്ങൾക്കാണ്. പരമ്പരാഗതമായ ആചാരങ്ങൾ, ജനപ്രിയകലാരൂപങ്ങൾ, സാംസ്കാരിക ഘോഷയാത്രകൾ, മതപരമായ ആഘോഷങ്ങൾ, നാടൻ കലാരൂപങ്ങൾ തുടങ്ങിയവ സാംസ്കാരിക ആകർഷണങ്ങളാണ്. സാംസ്കാരിക വിനോദസഞ്ചാരികൾ വിവിധ പ്രദേശങ്ങളിലെ സാംസ്കാരിക വൈവിധ്യങ്ങൾനേരിൽ കാണാനാണ് ആഗ്രഹിക്കുന്നത്.

സാംസ്കാരികവൈവിധ്യങ്ങളാലും പ്രത്യേകതകളാലും സമ്പന്നമായ വിനോദസഞ്ചാരകേന്ദ്രമാണ് കേരളം. കേരളത്തിലെ സാംസ്കാരിക ആകർഷണങ്ങളാണ് തൃശൂർപൂരം, പൂരക്കളി, പുലികളി, തെയ്യം, തിറ, വള്ളംകളി, കഥകളി, കളരി, പരമ്പരാഗത ചികിത്സാരീതികൾ തുടങ്ങിയവ. കേരളത്തിൽ

*കണ്ണൂർ ജില്ലയിൽ മാട്ടൂൽ ഗ്രാമപ്പഞ്ചായത്തിൽ തെക്കുമ്പാട് എന്ന സ്ഥലത്ത് സ്ത്രീകൾ കെട്ടിയാടുന്ന കലാരൂപമാണ് ദേവക്കൂത്ത്. സ്വർഗലോകത്തു നിന്ന് ആറ് ദേവതമാർ തെക്കുമ്പാട് കുളത്തിലും സമീപങ്ങളിലും പൂക്കൾ പറിക്കാൻ എത്തിച്ചേർന്നു. അവരിൽ ഒരു ദേവതയ്ക്ക് വഴി തെറ്റി തിരിച്ചുപോകാൻ സാധിക്കാതെ വന്നു. ഈ ദേവതയ്ക്കു വേണ്ടി സമീപവാസികൾ ചെറിയ ഒരു കുടിൽ നിർമിച്ചു നൽകുകയും ദേവത മൂന്നുദിവസം അവിടെ താമസിക്കുകയും ചെയ്തു. ദിവസവും ദേവത നാരദനെ പ്രാർഥിക്കുകയും മൂന്നാം ദിവസം നാരദൻ പുതിയവസ്ത്രവുമായി വന്ന് ദേവതയെ സ്വർഗലോകത്തേക്ക് കൂട്ടികൊണ്ടുപോവുകയും ചെയ്തു എന്നാണ് ഇതുമായി ബന്ധപ്പെട്ട ഐതിഹ്യം. ഈ ദിവസത്തിന്റെ ഓർമയ്ക്കായാണ് തെക്കുമ്പാട് ദേവക്കൂത്ത് എന്ന കലാരൂപം അവതരിപ്പിക്കുന്നത്. ഈ തെയ്യത്തിന്റെ തോറ്റങ്ങളിൽ പാടുന്നത് മുഴുവനും പൂന്തോട്ടങ്ങളിൽ കണ്ട വ്യത്യസ്തതരത്തിലുള്ള പൂക്കളെക്കുറിച്ചും ദേവതയ്ക്ക് എങ്ങനെയാണ് വഴിതെറ്റിയത് എന്നുമാണ്. അവസാന രംഗത്താണ് നാരദൻ പ്രത്യക്ഷപ്പെടുന്നത്.*



ചിത്രം.10.5 ദേവക്കൂത്ത്: സ്ത്രീകൾ കെട്ടിയാടുന്ന തെയ്യം

ഓണാഘോഷത്തോടനുബന്ധിച്ചുള്ള ടൂറിസം വാരാഘോഷം നിരവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വിനോദസഞ്ചാരമേഖലകളെ പ്രോത്സാഹിപ്പിക്കാൻ നാടൻകലാരൂപങ്ങളുടെ അവതരണവുമുണ്ടാകാറുണ്ട്.

അനൗപചചാരികവിദ്യാഭ്യാസം നൽകാനും നാടോടിവിജ്ഞാനം ഉപയോഗിക്കുന്നു. നാടൻ കലാരൂപങ്ങളിലൂടെ നിരവധി സാമൂഹികമൂല്യങ്ങളും ധാർമികതകളും മനോഭാവങ്ങളും പെരുമാറ്റ രീതികളും കൈമാറ്റം ചെയ്യപ്പെടുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനം നിരവധി നാടൻചൊല്ലുകളിൽനിന്നും മനസ്സിലാക്കാം. ഇത്തരം ചൊല്ലുകളെ സമൂഹം പാരമ്പര്യമായി കാണുന്നുവെങ്കിലും സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനത്തെ കുറിച്ച് നമ്മൾ ബോധമുള്ളവരല്ല.

## VI ലിംഗപദവി നാടോടിവിജ്ഞാനത്തിൽ (Gender in Folklore)

നാടൻചൊല്ലുകൾ, അവതരണകലകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവയിൽ ലിംഗവിവേചനം നിഴലിക്കുന്നുണ്ട്.

ഉദാഹരണത്തിന്

- പുത്തനച്ചി പുരപ്പുറം തൂക്കും
- പെണ്ണൊരുമ്പെട്ടാൽ
- മിണ്ടാപ്പൂച്ച കലമുടയ്ക്കും

പുരുഷന്മാർക്കു മാത്രമായി ഇത്തരത്തിലുള്ള പഴഞ്ചൊല്ലുകൾ ഉണ്ടോ? ഇത് എന്താണ് സൂചിപ്പിക്കുന്നത്?

ഇത്തരത്തിലുള്ള പഴഞ്ചൊല്ലുകൾ നിലനിൽക്കുന്ന സമൂഹങ്ങളിൽ സ്ത്രീകൾക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നുണ്ടോ?

നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്യാം.

സംസ്കാരത്തിന്റെ കൈമാറ്റത്തിന് സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്നു. സമൂഹത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന് പുരുഷന്മാരോടൊപ്പം പ്രവർത്തിക്കുന്ന അവർ വാമൊഴി പാരമ്പര്യത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നു. നാടോടിവിജ്ഞാനീയത്തിലെ സ്ത്രീപക്ഷ പഠനങ്ങൾ ഇന്നും സാംസ്കാരികപഠനങ്ങളിലെ പാർശ്വവൽക്കരിക്കപ്പെട്ട മേഖലയാണ്. സാംസ്കാരികസമ്പ്രദായങ്ങളെ സ്ത്രീകളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വീക്ഷിക്കാനാണ് നരവംശശാസ്ത്രജ്ഞർ ശ്രമിക്കുന്നത്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായ തിനാൽ നാടോടിവിജ്ഞാനപഠനങ്ങളിലോ സാംസ്കാരികപഠനങ്ങളിലോ സ്ത്രീകൾക്കു പ്രധാന പരിഗണന നൽകിയിട്ടില്ല.

നാടൻവിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനച്ചടങ്ങുകൾ, ഐതിഹ്യങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവ വിശകലനം ചെയ്യുകയാണെങ്കിൽ സ്ത്രീകളെ എങ്ങനെയാണ് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പരിഗണിക്കുകയും അഭിസംബോധന ചെയ്യുകയും ചെയ്തതെന്ന് മനസ്സിലാക്കാം. പല സന്ദർഭങ്ങളിലും നാടൻകലാരൂപങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ സ്ത്രീകളാണെങ്കിലും ഇവ അവതരിപ്പിക്കുന്നത് പുരുഷന്മാരാണെന്ന് കാണാവുന്നതാണ്. ഉദാഹരണത്തിന് മലബാർ മേഖലയിലെ ഭഗവതിത്തെയ്യങ്ങളായ മുച്ചിലോട്ടു ഭഗവതി, തമ്പുരാട്ടി തുടങ്ങിയ തെയ്യങ്ങൾ കെട്ടിയാടുന്നത് പുരുഷന്മാരാണ്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി കണ്ണൂർ ജില്ലയിലെ തെക്കുമ്പാട് 'ദേവക്കൂത്ത്' എന്ന തെയ്യം കെട്ടിയാടുന്നത് സ്ത്രീകളാണെന്ന് കാണാവുന്നതാണ്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉച്ചത്തിൽ സംസാരിക്കരുത്, സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ ഉറങ്ങരുത്, പുരുഷന്മാർക്ക് ഭക്ഷണം കൊടുത്ത ശേഷം മാത്രമേ സ്ത്രീകൾ ഭക്ഷണം കഴിക്കാവൂ തുടങ്ങിയ കാര്യങ്ങൾ രക്ഷിതാക്കളും

പ്രായമുള്ളവരും പെൺകുട്ടികളോട് നിർദേശിക്കാറുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിർദേശങ്ങൾ ഒന്നും തന്നെ പുരുഷന്മാരിൽ അടിച്ചേൽപ്പിക്കാറില്ല.

*നിങ്ങളുടെ പ്രദേശത്തുള്ള നാടോടിവിജ്ഞാനത്തിൽ കാണപ്പെടുന്ന ലിംഗ വിവേചനത്തിന് ഉദാഹരണങ്ങൾ കണ്ടെത്തുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുക.*



## സംഗ്രഹം

- നാടോടിവിജ്ഞാനം സാർവസംസ്കാരികമാണ്. ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലും നാടോടിവിജ്ഞാനം നിലവിലുണ്ട്. ഫോക്‌ലോറിസ്റ്റിക്സ് (ഫോക്‌ലോറിനെ കുറിച്ചുള്ള പഠനം) നവംശശാസ്ത്രപഠനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ആദ്യകാലങ്ങളിൽ ഇത് അറിയപ്പെട്ടിരുന്നത് ജനപ്രിയനാട്ടുപഴമ (പോപുലർ ആന്റിക്യുറ്റീസ്) എന്നായിരുന്നു. നാടോടിവിജ്ഞാനവുമായി ബന്ധപ്പെട്ട ഗവേഷകർ വാമൊഴികളെ മാത്രമാണ് ആദ്യകാലങ്ങളിൽ പരിഗണിച്ചിരുന്നത്. എന്നാൽ ഇന്ന് മറ്റു പാരമ്പര്യങ്ങളെയും നാടോടി വിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- നരവംശശാസ്ത്രജ്ഞർ നാടോടിവിജ്ഞാനത്തെ സംസ്കാരത്തിന്റെ ഭാഗമായി കാണുന്നു. ആദ്യകാലഘട്ടങ്ങളിൽ നാടോടിവിജ്ഞാനത്തെ നിർവചിച്ചിരുന്നത് 'ലോർ ഓഫ് ഫോക്' എന്നാണ്. ആയതിനാൽ, നിരക്ഷരരായ, ഔപചാരികവിദ്യാഭ്യാസമില്ലാത്ത സമൂഹത്തിന്റെ പാരമ്പര്യത്തെയാണ് നാടോടിവിജ്ഞാനം എന്നു വിവക്ഷിച്ചത്.
- ആധുനികസമൂഹത്തിൽ നാടോടിവിജ്ഞാനം എന്ന ആശയം വ്യത്യസ്തമാണ്. ആധുനിക, പരിഷ്കൃത, സാക്ഷര, നാഗരികസമൂഹത്തിന്റെയും അപരിഷ്കൃത, നിരക്ഷര, ഗ്രാമീണ സമൂഹത്തിന്റെയും വഴക്കങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
- നാടോടിസാഹിത്യത്തിൽ നാടൻപാട്ടുകൾ, നാടോടിക്കഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, വീരഗാഥകൾ, ശാപങ്ങൾ, അനുഗ്രഹങ്ങൾ, ഇതിഹാസങ്ങൾ, ഉപമകൾ, രൂപകങ്ങൾ, വിളിപ്പേരുകൾ, സ്ഥലപുരാണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.
- നിരവധി നാടൻവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും വിലക്കുകളും സാമൂഹികജീവിതത്തിന്റെ ഭാഗമായി എല്ലാ വിഭാഗം ജനങ്ങളിലും കാണാൻ സാധിക്കും. നാടോടി ആചാരങ്ങളിൽ ദൈനംദിനാചാരങ്ങളും പ്രത്യേകാവസരങ്ങളിലെ ആചാരങ്ങളും ഉൾപ്പെടുന്നു.
- ഗ്രാമീണജനതയുടെ വിശ്വാസത്തിലും ഉല്ലാസത്തിലും നാടൻകളികൾ സുപ്രധാന പങ്കു വഹിക്കുന്നു. നാടൻകളികളിൽ ദൈനംദിനകളികളും പ്രത്യേകാവസരങ്ങളിലുള്ള കളികളും ഉൾപ്പെടുന്നു.
- നാടൻകളികൾ വെളിപ്പെടുത്തുന്നത് ജനങ്ങളുടെ വരയ്ക്കാനും വേഷവിധാനത്തിനും നൃത്തത്തിനുമുള്ള കഴിവിനെയാണ്. നാടൻകലകളിൽ അവതരണകലകളും അവതരണേതരകലകളും ഉൾപ്പെടുന്നു.
- നാടോടിശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാധാരണജനങ്ങൾക്ക് അവർക്കു ചുറ്റും നടക്കുന്ന വിവിധ സംഭവവികാസങ്ങളെക്കുറിച്ചുള്ള പാരമ്പര്യ അറിവ് എന്നതിനെയാണ്. നാടോടിശാസ്ത്രത്തിന്റെ പ്രായോഗികതയാണ് നാട്ടുസാങ്കേതികവിദ്യ. സമൂഹത്തിൽ വിവിധ സന്ദേശങ്ങൾ നൽകുന്നതിനും പ്രചരിപ്പിക്കുന്നതിനും നാടോടിവിജ്ഞാനത്തെ പ്രായോഗിക

തലത്തിൽ ഉപയോഗിക്കുന്നതാണ് പ്രായോഗികനാടോടിവിജ്ഞാനം.

- നാടോടിവിജ്ഞാനം വളരെ വേഗത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ അവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.
- സംസ്കാരങ്ങൾ തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നതിൽ സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്നു. എന്നിരുന്നാലും നാടോടിവിജ്ഞാനത്തിൽ ലിംഗവിവേചനം കാണാവുന്നതാണ്.

## പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- പഴയതും പുതിയതുമായ നാടോടിവിജ്ഞാനങ്ങളെ വേർതിരിക്കുകയും നാടൻ കലാരൂപങ്ങളും അറിവുകളും എങ്ങനെ ആധുനികതയിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുകയും ചെയ്യുന്നു.
- സാധാരണജനങ്ങളുടെ സംസ്കാരം, ജീവിതം, നാടൻകലാരൂപങ്ങൾ എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കി അംഗീകരിക്കുകയും അതോടൊപ്പം പ്രാദേശികമായുള്ള നാടോടി വിജ്ഞാനങ്ങളെ തിരിച്ചറിയുകയും ചെയ്യുന്നു.
- മാറിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണലോകത്ത് നാടോടിവിജ്ഞാനത്തിന്റെ പ്രായോഗികസാധ്യതകളെ വിമർശനപരമായി വിലയിരുത്താൻ സാധിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഒറ്റപ്പെട്ടതു കണ്ടെത്തി ന്യായീകരിക്കുക.
   a) മോഹിനിയാട്ടം, തെയ്യം, കഥകളി, കുച്ചുപ്പുടി
   b) മാപ്പിളപ്പാട്ട്, വടക്കൻപാട്ട്, ശാസ്ത്രീയസംഗീതം, നാടൻപാട്ട്
   c) നാടോടിനൃത്തം, മാർഗംകളി, ഒപ്പന, മോഹിനിയാട്ടം
   d) പടയണി, തെയ്യം, കഥകളി, തിറ
2. "കേരളത്തിൽ നിലവിലുള്ള നാടൻവിശ്വാസങ്ങളും ആചാരങ്ങളും സൂചിപ്പിക്കുന്നത് സ്ത്രീകളുടെ താഴ്ന്ന പദവിയെയാണ്". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണസഹിതം സമർഥിക്കുക.
3. തെയ്യംപോലുള്ള നാടൻകലാരൂപങ്ങൾ വേദികളിൽ പ്രദർശിപ്പിക്കുന്നതിനോടും പ്രത്യേക ഉദ്ദേശ്യത്തോടെ രേഖപ്പെടുത്തുന്നതിനോടും നിങ്ങൾ യോജിക്കുന്നുണ്ടോ?

തറികളുടെയും തിറകളുടെയും
നാട്ടിലേക്കു സ്വാഗതം
കണ്ണൂർ 2 കി.മീ.

4. സൂചികാഫലകത്തിൽ നോക്കി ഒരു വിദേശ വിനോദ സഞ്ചാരിയോട് ഇതിന്റെ പ്രാധാന്യം നിങ്ങൾ എങ്ങനെ വിവരിക്കും?
5. ഒരു നാടൻപാട്ട് ശേഖരിച്ച് ഇതിൽ ജനങ്ങളുടെ സാമൂഹിക സാംസ്കാരികജീവിതം എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് വ്യക്തമാക്കുക.
6. നിങ്ങളുടെ പ്രദേശങ്ങളിലെ നാടൻകലാരൂപങ്ങളെക്കുറിച്ച് വിവരിക്കുക. ഇത്തരം കലാരൂപങ്ങൾ എങ്ങനെയാണ് ഗ്രാമീണസംസ്കാരങ്ങളെയും വിശ്വാസങ്ങളെയും ആചാരങ്ങളെയും സ്വാധീനിക്കുന്നതെന്ന് വിശദീകരിക്കുക.

## സാങ്കേതികപദാവലി

| | | |
|---|---|---|
| അബവെല്യൻ | : | അതിപ്രാചീനശിലായുഗ സംസ്കാരവുമായി ബന്ധപ്പെട്ട് യൂറോപ്പിൽനിന്നു കണ്ടെടുത്തിട്ടുള്ള ദ്വിമുഖശിലാ കൈക്കോടാലി. |
| കേവലകാലഗണനാരീതി | : | ഫോസിലുകളുടെ യഥാർഥ കാലപ്പഴക്കം കണ്ടെത്താനുള്ള രീതി. |
| അപരസംസ്കാരാർജനം | : | മറ്റൊരു സംസ്കാരത്തിന്റെ സമ്പർക്കംകൊണ്ട് ആ സംസ്കാരം പഠിച്ചെടുക്കുന്ന പ്രക്രിയ. |
| അഷൂലിയൻ | : | ഒരു ശിലായുഗനിർമാണപാരമ്പര്യം. അതിപ്രാചീന ശിലായുഗത്തിലെ കൈമഴുനിർമാണരീതി. |
| വിധിനിർണയം | : | വ്യവസ്ഥവിധേയമായി പ്രശ്നങ്ങൾക്കു തീർപ്പുകൽപ്പിക്കൽ. |
| ആകാശസർവേ | : | വിമാനങ്ങളുടെയോ ഉപഗ്രഹങ്ങളുടെയോ സഹായത്തോടെ എടുക്കുന്ന ഫോട്ടോഗ്രാഫുകളുടെ അടിസ്ഥാനത്തിൽ സംസ്കാരസവിശേഷതകളും ഭൂമിശാസ്ത്ര പ്രത്യേകതകളും രേഖപ്പെടുത്തുന്ന രീതി. |
| അലിൽ | : | ജീനുകളിലെ ജോടികളിൽ ഒന്ന് |
| ഉഭയജീവികൾ | : | കരയിലും വെള്ളത്തിലും ജീവിക്കുന്ന ശീതരക്തജീവികൾ |
| അനാലജി | : | ജീവിവർഗങ്ങൾ തമ്മിലുള്ള സാമ്യം |
| സർവജീവത്വ വിശ്വാസം (ആനിമിസം) | : | ആത്മാവിലുള്ള വിശ്വാസം |
| ആന്ത്രോപോയ്ഡ് | : | പ്രൈമേറ്റ് ഗണത്തിലെ ഉപഗണങ്ങളിലൊന്ന്- (വാനര - നരഹണം)കുരങ്ങുകളും ആൾക്കുരങ്ങുകളും മനുഷ്യനും ഇതിൽ ഉൾപ്പെടുന്നു. |
| മരഞ്ചാടി (ആർബോറിയൽ) | : | മരങ്ങളിൽ ജീവിക്കാൻ അനുകൂലനം നേടിയ ജീവികൾ |
| പുരാവസ്തുശാസ്ത്രം | : | ചരിത്രാതീതകാലസംസ്കാരത്തെക്കുറിച്ച് പുരാവസ്തുക്കളുടെ സഹായത്താലുള്ള പഠനം |
| ആർക്കിയോസോയിക് | : | ഭൗമചരിത്രത്തിലെ ആദിജീവയുഗം |

| | |
|---|---|
| ആർട്ടിഫാക്ട് | : പുരാതനമനുഷ്യൻ ഉപയോഗിച്ച വസ്തുക്കൾ |
| അസംബ്ലേജ് | : ഒരു പ്രത്യേക പ്രദേശത്തുനിന്നു കണ്ടെത്തിയ പുരാവസ്തു ശേഖരം |
| സമാജം | : ഒരു പ്രത്യേക ലക്ഷ്യത്തിനായി ക്രമീകരിക്കപ്പെട്ട ആളുകളുടെ കൂട്ടം. |
| ഓറിഗ്നേഷ്യൻ | : ഉപരിപ്രാചീനശിലായുഗത്തിലെ ആയുധപാരമ്പര്യം |
| ആസ്ട്രലോപിത്തക്കസ് | : തെക്കുകിഴക്കൻ ഏഷ്യയിൽ ഹിമയുഗകാലഘട്ടത്തിൽ ജീവിച്ചു വംശനാശം വന്ന ഹൊമിനിഡുകൾ. |
| ബി.പി. (Before Present) | ബി.പി. 1950 എന്ന വർഷം വർത്തമാനകാലമായി കണക്കാക്കി കാലഗണന നടത്തുന്ന രീതി. ഇതിൽ ബി.സിക്ക് പകരം ബി.പി. ഉപയോഗിക്കുന്നു. |
| സന്തുലിത പരസ്പരകൈമാറ്റം | : തുല്യമായ മൂല്യമുള്ള വസ്തുക്കൾ തിരികെ ലഭിക്കുമെന്ന പ്രതീക്ഷയിൽ നടക്കുന്ന സാധനക്കൈമാറ്റരീതി. |
| ബാൻഡ് | : രാഷ്ട്രീയമായി സ്വയംപര്യാപ്തതയുള്ള ചെറു നാടോടി കൂട്ടം. |
| ദ്വിമുഖായുധം (ബൈഫേഷ്യൽ ടൂൾസ്) | : ഇരുമുഖങ്ങളിൽനിന്നും പാളികൾ അടർത്തിമാറ്റി നിർമിച്ചിട്ടുള്ള കോർ ടൂളുകൾ. |
| ബ്ലേഡ് ടൂൾ | : ഉപരിപ്രാചീനശിലായുഗത്തിൽ ശിലകളിൽനിന്ന് അടർത്തിമാറ്റിയ പാളികൾ ഉപയോഗിച്ച് നിർമിച്ച മൂർച്ചയുള്ള ശിലായുധം. |
| പെൺപണം | : (വധൂവില) വിവാഹസമയത്ത് വരനോ വരന്റെ വീട്ടുകാരോ വധുവിന്റെ വീട്ടുകാർക്കു നൽകുന്ന പണം. |
| കാംബ്രിയൻ | : പാലിയോസോയിക് യുഗത്തിലെ ആദ്യഘട്ടം |
| കാർബൺ14 രീതി | : കാർബണിന്റെ റേഡിയോ ആക്ടീവ് ഐസോടോപ്പായ സി 14 ഉപയോഗിച്ച് ജൈവികവസ്തുക്കളുടെ കാലപ്പഴക്കം നിർണയിക്കുന്ന ഒരു കേവലകാലഗണനരീതി. |
| കുലം | : ഒരു പൊതുപൂർവികനിൽനിന്ന് ഉണ്ടായി എന്നു കരുതപ്പെടുന്ന ബന്ധുക്കളുടെ കൂട്ടം. |
| സമുദായം | : ഒന്നിച്ചുള്ള ജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങൾ പങ്കുവയ്ക്കപ്പെടുന്ന ആളുകളുടെ കൂട്ടം. |
| കോർടൂൾ | : പാളികളിൽ അടർത്തിമാറ്റിയ മുഖ്യശിലായുധം |
| സാംസ്കാരിക ആപേക്ഷികത | : ഓരോ സംസ്കാരത്തെയും അതിന്റെ സ്വന്തം ആശയങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തണമെന്ന സമീപനം. |

| | | |
|---|---|---|
| സംസ്കാരഘടകസഞ്ചയം | : | വളരെയധികം സംസ്കാരഘടകങ്ങൾ ഒന്നിച്ചുചേർന്ന് സംസ്കാരത്തിന്റെ അർഥപൂർണമായ ഒരു ഭാഗമായി മാറുന്നു. |
| സംസ്കാരമാന്ദ്യം | : | ഭൗതികസംസ്കാരത്തിന്റെയും ഭൗതികേതരസംസ്കാരത്തിന്റെയും മാറ്റ നിരക്കിലുള്ള അന്തരം. |
| സാംസ്കാരികാഘാതം | : | തികച്ചും അപരിചിതമായ ഒരു സംസ്കാരത്തിൽ ആദ്യമായി ഇടപഴകുമ്പോൾ അനുഭവപ്പെടുന്ന പൊരുത്തപ്പെടാൻ കഴിയാത്ത അവസ്ഥ. |
| സംസ്കാരഘടകം | : | സംസ്കാരത്തിന്റെ ഉപയോഗപ്രദമായതും പുനർവിഭജനത്തിന് സാധ്യമല്ലാത്തതുമായ ഏറ്റവും ചെറിയ ഭാഗം. |
| സംസ്കാരം | : | നരവംശശാസ്ത്രത്തിൽ സംസ്കാരമെന്നത് ഒരു സമൂഹത്തിന്റെ ജീവിതരീതിയാണ്. പുരാവസ്തുശാസ്ത്രത്തിൽ അത് ചരിത്രാതീതകാലഘട്ടത്തിലെ ദീർഘകാലത്തെ ഉപകരണനിർമാണമെന്ന രീതിയുമാണ്. |
| സംസ്കാരശോഷണം | : | മറ്റു സംസ്കാരങ്ങളുമായുള്ള ബന്ധംകൊണ്ട് ഒരു സംസ്കാരത്തിന് അതിന്റെ സംസ്കാരഘടകങ്ങളും സഞ്ചയങ്ങളും നഷ്ടപ്പെട്ടുപോകുന്ന അവസ്ഥ. |
| വാർഷിക വളയ പഠനം (ഡെൻട്രോ ക്രോണോളജി) | : | വൃക്ഷങ്ങളുടെ കാലപ്പഴക്കം നിർണയിക്കാൻ ഉപയോഗിക്കുന്ന ഒരു കേവലകാലഗണനരീതി. |
| വിതരണം | : | ഒരു കൂട്ടത്തിലോ വ്യത്യസ്ത കൂട്ടങ്ങൾക്കിടയിലോ സാധനങ്ങളും സേവനങ്ങളും പരസ്പരം കൈമാറ്റം ചെയ്യുന്ന രീതി. |
| ഡ്രയോപിത്തക്കസ് | : | മയോസിക് കാലഘട്ടത്തിൽ യൂറോപ്പിൽ ജീവിച്ചിരുന്ന ആൾക്കുരങ്ങ്. |
| ഈഗോ | : | വംശാവലിചാർട്ട് തയാറാക്കുമ്പോൾ കേന്ദ്രമായി എടുക്കുന്ന വ്യക്തി. |
| അകം വീക്ഷണം | : | ഒരു സംസ്കാരത്തിനുള്ളിലുള്ളവർക്ക് ആ സംസ്കാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. |
| സംസ്കാരവിനിമയം | : | തലമുറയിൽനിന്ന് തലമുറയിലേക്കു കൈമാറ്റം ചെയ്യപ്പെടുന്ന സംസ്കാരപ്രക്രിയ. |

| | | |
|---|---|---|
| സ്വഗണവിവാഹം | : | സ്വന്തം കൂട്ടത്തിനുള്ളിൽത്തന്നെ പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമം. |
| ഇയോസിൻ | : | ഡിനോസറുകളുടെ രണ്ടാംകാലഘട്ടം. ആന്ത്രോപോയ്ഡുകൾ ഉണ്ടായ കാലഘട്ടം. |
| സ്വസംസ്കാരകേന്ദ്രിതം | : | മറ്റുള്ള സംസ്കാരങ്ങളെ അപേക്ഷിച്ച് സ്വന്തം സംസ്കാരം ശ്രേഷ്ഠമാണെന്നു കരുതുന്ന പ്രവണത. |
| പുറംവീക്ഷണം | : | ഒരു സംസ്കാരത്തെക്കുറിച്ച് പുറത്തുള്ളവർക്കുള്ള കാഴ്ചപ്പാട് |
| ഉദ്ഖനനം | : | പുരാവസ്തുക്കൾ മണ്ണിനടിയിൽനിന്നു കുഴിച്ചെടുക്കുന്ന പ്രക്രിയ. |
| ബഹിർഗണവിവാഹം | : | സ്വന്തം കൂട്ടത്തിനു പുറത്തുനിന്നു പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമം. |
| ഫിക്ടീവ് വിവാഹം | : | മരിച്ചുപോയ ആളുകളുടെ പേരിൽ വിവാഹം കഴിക്കുന്ന ആചാരം. |
| ഫ്ലേക്ക് ടൂൾ | : | കോറിൽനിന്ന് അടർത്തിമാറ്റിയെടുക്കുന്ന പാളി ഉപയോഗിച്ച് ഉണ്ടാക്കുന്ന ശിലായുധം. |
| ഫ്ളൂറിൻ പരിശോധന | : | ഒരു വസ്തുവിലെ ഫ്ളൂറിൻ അളവ് കണക്കാക്കി കാലപ്പഴക്കം നിർണയിക്കുന്ന ആപേക്ഷികരീതി. |
| നാടൻസാഹിത്യം | : | നാടൻപാട്ടുകൾ, നാടൻകഥകൾ, കെട്ടുകഥകൾ, പുരാണങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ഭാവഗീതങ്ങൾ, അനുഗ്രഹങ്ങൾ, ശാപങ്ങൾ, ഉപകഥകൾ, സ്ഥലപുരാണങ്ങൾ, പ്രതിജ്ഞകൾ, കെട്ടുകഥകൾ എന്നിവ കൂടിച്ചേർന്നതാണ് നാടൻസാഹിത്യം. |
| നാടൻപാട്ടുകൾ | : | ജീവിതചക്രാനുഷ്ഠാനങ്ങൾ, മതാനുഷ്ഠാനങ്ങൾ, കാർഷികപ്രവർത്തനങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ പാടുന്ന പാട്ടുകളാണ് നാടൻപാട്ടുകൾ. ഇവയുടെ പ്രതിപാദ്യവിഷയം കാർഷികവൃത്തികളോ മതപരമായ വിഷയങ്ങളോ ഭൂപ്രകൃതിയോ ആയിരിക്കും. |
| നാടോടിവിജ്ഞാനം | : | ഒരു തലമുറയിൽനിന്ന് അടുത്തതിലേക്കു വാമൊഴിയായി കൈമാറ്റം ചെയ്യുന്ന മര്യാദകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, ഭാവഗീതങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ ഉൾപ്പെടുന്നതാണ് നാടോടിവിജ്ഞാനം. |

| | | |
|---|---|---|
| നാടൻകഥകൾ | : | വ്യത്യസ്ത അവസരങ്ങളിൽ അവതരിപ്പിക്കുന്ന ധൈര്യം, വീരകൃത്യങ്ങൾ, മര്യാദ, സദാചാരം എന്നിവയെക്കുറിച്ചുള്ള കഥകൾ. |
| ഭക്ഷ്യശേഖരം | : | പ്രകൃതിയിൽനിന്നു ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുന്ന ഉപജീവനമാർഗം. |
| ഭക്ഷ്യോൽപ്പാദനം | : | കൃഷി, കന്നുകാലിവളർത്തൽ എന്നിവ ആശ്രയിച്ചുള്ള ഉപജീവനമാർഗം. |
| ഫൊറേജിങ് | : | പ്രകൃതിദത്തമായ ചുറ്റുപാടിൽ ഭക്ഷ്യവസ്തുക്കൾ തേടി ശേഖരിക്കുന്ന പ്രക്രിയ. |
| ജീൻ | : | പാരമ്പര്യത്തിന്റെ രാസഘടകയൂണിറ്റ്. |
| പൊതു പരസ്പരക്കൈമാറ്റം | : | പെട്ടെന്നു തിരിച്ചുകിട്ടാത്ത വിധമുള്ള സമ്മാന കൈമാറ്റം |
| ജനിതകവ്യതിചലനം | : | ഒറ്റപ്പെട്ട ജീവസമഷ്ടിയിലെ ജീൻ ആവൃത്തികളിൽ നടന്ന ക്രമമല്ലാത്ത പ്രക്രിയ. |
| ഹെഡ്മാൻ | : | അധികാരമില്ലെങ്കിലും സമൂഹത്തെ ഒരുമിപ്പിക്കാൻ കഴിവുള്ള ആൾ. |
| ഹെറ്ററോഡോൺട്രിസം | : | വ്യത്യസ്തതരം പല്ലുകൾ |
| ഹെറ്ററോസൈഗസ് | : | വ്യത്യസ്തതരം ജീനുകൾ കുടികൊള്ളുന്ന അവസ്ഥ. |
| ഹോമോസൈഗസ് | : | ഒരുപോലെയുള്ള രണ്ടു ജീനുകൾ കുടികൊള്ളുന്ന അവസ്ഥ. |
| അനുലോമവിവാഹം | : | ഉയർന്ന സമൂഹികപദവിയുള്ള പുരുഷൻ താഴ്ന്ന സാമൂഹികപദവിയുള്ള സ്ത്രീയെ വിവാഹംകഴിക്കുന്ന രീതി. |
| പ്രതിലോമവിവാഹം | : | ഉയർന്ന സാമൂഹികപദവിയിലുള്ള സ്ത്രീ താഴ്ന്ന സാമൂഹികപദവിയുള്ള പുരുഷനെ വിവാഹം ചെയ്യുന്ന രീതി. |
| നിഷിദ്ധ സംഗമം | : | അടുത്തബന്ധമുള്ളവർ തമ്മിലുള്ള ലൈംഗികബന്ധങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാർവത്രികമായ വിലക്ക്. |
| ഉളിപ്പല്ലുകൾ | : | കടിക്കാൻ ഉപയോഗിക്കുന്ന മുൻവശത്തെ പല്ലുകൾ |

| | | |
|---|---|---|
| ഇൻഡസ്ട്രി | : | പ്രാചീനചരിത്രകാലത്ത് ഒരു മനുഷ്യവർഗം മാത്രം ഉപയോഗിച്ചിരുന്ന ഒരുകൂട്ടം ആർട്ടിഫാക്ടുകളാണ് ഇൻഡസ്ട്രി. |
| സ്ഥാപനം | : | ഒരു സമൂഹത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ട ചട്ടക്കൂട് |
| ഇന്റർസ്പെസിഫിക് | : | രണ്ട് വേറിട്ട ജീവവർഗങ്ങളിലെ വ്യതിയാനങ്ങൾ. |
| ഇൻറാസ്പെസിഫിക് | : | ഒരേ ജീവിവർഗങ്ങൾക്കിടയിലെ വ്യതിയാനങ്ങൾ |
| കുല റിങ് | : | ട്രോബ്രിയാന്റ് ദ്വീപുവാസികൾക്കിടയിൽ നിലനിന്നിരുന്ന ആചാരപരമായ കൈമാറ്റവ്യവസ്ഥ. ഇതിൽ വെളുത്ത കക്ക കൊണ്ടുള്ള ആഭരണങ്ങൾ ഘടികാരദിശയിലും ചുവപ്പു കക്കകൊണ്ടുള്ള നെക്ലസുകൾ പ്രതിഘടികാര ദിശയിലും കൈമാറ്റം നടത്തുന്നു. |
| ഐതിഹ്യങ്ങൾ | : | പഴയകാല നായകന്മാരുടെ വീരശൂരകഥകളും കൽപ്പിത ചരിത്രവിവരണവുമാണ് ഐതിഹ്യങ്ങൾ. |
| ലവലോഷ്യൻ | : | മധ്യപ്രാചീനശിലായുഗത്തിലെ ഉപകരണനിർമാണ സങ്കേതം. ഇതിൽ തയാറാക്കിയ കോറിൽനിന്നു നേരത്തേ നിശ്ചയിച്ച പ്രകാരമുള്ള ഫ്ലേക്കുകൾ നിർമിക്കുന്നു. |
| ലെവിറേറ്റ് | : | ഭർത്താവ് മരിച്ച സ്ത്രീ ഭർത്താവിന്റെ സഹോദരനെ വിവാഹം ചെയ്യുന്ന രീതി. |



## തിരഞ്ഞെടുക്കപ്പെട്ട റഫറൻസ് പുസ്തകങ്ങൾ


അയ്യപ്പൻ.എ. 1985 – ഭാരതപ്പഴമ (മലയാളം) കോഴിക്കോട് : മാതൃഭൂമി

പബാസ്കോം വില്യം. ആർ. (ഇ.ഡി) 1977. ഫ്രോൺടിയേർസ് ഓഫ് ഫോക്ക്ലോർ, വെസ്റ്റ് വ്യൂ പ്രസ്, കൊളറാഡോ.

ബീൽസ്.ആർ.എൽ, ഹാരി ഹോയ്ജർ. 1971. ഇൻട്രോഡക്ഷൻ റ്റു ആന്ത്രോപോളജി.

ബ്രന്റ് ബെർലിൻ, പോൾ കേയി, 1969. ബേസിക് കളർ ടേംസ്. ബർക്കിലെ ആന്റ് ലോസ് എയ്ഞ്ചൽസ്. വി.സി.എ പ്രസ്സ്.

ചൈൽഡ്.വി.ജി. 1946. വാട്ട് ഹാപ്പൻഡ് ഇൻ ഹിസ്റ്ററി, പെലിക്കൽ, ന്യൂയോർക്ക്.

ചൈൽഡ്.വി.ജി. 1953. വാട്ട് ഈസ് ഹിസ്റ്ററി, ഹെൻറിഷൂമാൻ, ന്യൂയോർക്ക്

ഡാർവിൻ, ചാൾസ്: 1859. ഒറിജൻ ഓഫ് സ്പീഷീസ്. ന്യൂ അമേരിക്കൻ ലൈബ്രറി മെൻഡർ: ന്യൂയോർക്ക്

ദോഷി. എസ്.എൽ, പി.സി.ജയിൻ 2002. സോഷ്യൽ ആന്ത്രോപോളജി, റവാത്ത് പബ്ലിക്കേഷൻസ്, ന്യൂഡൽഹി.

ഡ്യൂൺസ്.എ. (ഇ.ഡി) 1965. ദി സ്റ്റോറി ഓഫ് ഫോക്‌ലോർ, പ്രിന്റ്റിസ് ഹാൾ, ഇങ്കിൽവുഡ് ക്ലിഫ്സ്.

എബർ കരോൾ, മെൽവിൻ എസർ ആന്റ് പീറ്റർ എൻ പെറിഗ്രി.2003. ആന്ത്രോപോളജി, ഡൽഹി. പിയോർസൺ എജ്യുക്കേഷൻ.

ഹാവിലാന്റ്, വില്യം.എ., ഹറാൽഡ്, ഇ.എൽ.പ്രിൻസ്, ഡാനാ, വാൾറാത്ത്, ബണ്ണി മാക്ക് ബ്രൈഡ്,

2007: ഇൻട്രാക്ഷൻ ഹു. ആന്ത്രോപോളജി, ഇന്ത്യൻ റീപ്രിന്റ്, സെൽഗേജ് ലേണിങ്, പാത്പർഗ ഗനി, ന്യൂഡൽഹി.

ഹെർസ്കോവിറ്റ്സ് . എം.ജെ.1974. കൾച്ചറൽ ആന്ത്രോപോളജി. ന്യൂഡൽഹി: ഓക്സ്ഫോർഡ് ആന്റ് ഐ.ബി.എച്ച്.

ജാ.മക്കൻ. 196. ആൻ ഇൻട്രൊഡക്ഷൻ റ്റു. സോഷ്യൽ ആന്ത്രോപോളജി.

കൊടാക്ക്, കോൺറാഡ് ഫിലിപ്പ് : ആന്ത്രോപോളജി: ദി എക്സ്പ്ലൊറേഷൻ ഓഫ് ഹ്യൂമൻ ഡൈവേഴ്സിറ്റി, 9 എഡി: ദി. മാക്ക് ഗ്രോ ഹിൽകോം. ന്യൂയോർക്ക്

മജൂംദാർ.ഡി.എൻ.ആന്റ് ഡി.എൻ.മദൻ. 1980. ഇൻഡ്രഡക്ഷൻ റ്റു സോഷ്യൽ ആന്ത്രോപോളജി. ഡൽഹി.

മലിനോസ്കി.ബി.കെ.1922 അരക്നഡ്സ് ഓഫ് വെസ്റ്റേൺ പസഫിക്ക്, ഡ്യൂറ്റാൺ, ന്യൂയോർക്ക്.

രാജേന്ദ്രൻ.പി. 1989. ദി പ്രീ ഹിസ്റ്റോറിക്ക് കൾച്ചർ ആന്റ് എൻവയോൺമെന്റ്. എകെയിസ് സ്റ്റഡി ഓഫ് കേരള. ന്യൂഡൽഹി. കേരള.

റോയി ഇന്ദ്രാണി ബാസു.2003. ആന്ത്രോപോളജി. ദി സ്റ്റഡി ഓഫ് മാൻ.എസ്. ചാന്ത് ആന്റ് കമ്പനി. ന്യൂഡൽഹി.

ശങ്കാലിയ,.എച്ച്.ഡി. 1982. സ്റ്റോൺ എയ്ജ് ടൂൾസ്. പൂനെ. ഡക്കാൻ കോളേജ്.

ശരണ ഗോപാല, 1977: ഇൻഡ്രഡക്ഷൻ റ്റു ആന്ത്രോപോളജി.

ശർമ്മ, ആർ.എൻ.2004. സോഷ്യൽ ആന്റ് കൾച്ചറൽ ആന്ത്രോപോളജി. സുർജിത്ത് പബ്ലിക്കേഷൻസ്, ന്യൂഡൽഹി.

ശ്രീവാസ്തവ. എ.ആർ.എൻ. 2005 എസൻഷ്യൽസ് ഓഫ് കൾച്ചറൽ ആന്ത്രോപോളജി. പ്രിന്റിസ് ഹാൾ ഓഫ് ഇന്ത്യ. ന്യൂഡൽഹി.